# പാഠം 3: കീഴ്ക്കോടതികൾ

## 232. ജില്ലാ ജഡ്ജിമാരുടെ നിയമനം:-

**ചോ: ഏതെങ്കിലും സംസ്ഥാനത്തിലെ ജില്ലാജഡ്ജിമാരെ നിയമിക്കുന്നതിനും സ്ഥാനാരോഹണം നടത്തുന്നതിനും ആർക്കാണ് ഉത്തരവാദിത്വം ഉള്ളത്?**

ഉ: സംസ്ഥാനത്തിലെ ഗവർണറാണ്. നിയമനത്തിനും സംസ്ഥാനാരോഹണത്തിനും മുമ്പായി അദ്ദേഹം ഹൈക്കോടതിയോട് ഉപദേശം തേടിയിരിക്കണം.

**ചോ: ആരെയാണ് ജില്ലാ ജഡ്ജിയായി നിയമിക്കേണ്ടത്?**

ഉ: ഒരുജില്ലാജഡ്ജിയായിനിയമനം ലഭിക്കുവാൻ ഒരാൾക്കുറഞ്ഞത് 7 വർഷം ഒരു അഡ്വക്കേറ്റ് പ്ലീഡറോ, കേന്ദ്രത്തിലോ,സംസ്ഥാനത്തിലോ, സർവീസിലോ ആയിരുന്നിരിക്കണം. അഡ്വക്കേറ്റുമാരുടെയും പ്ലീഡർമാരുടെയും കാര്യത്തിൽ ഹൈക്കോടതിയുടെ ശുപാർശ ഉണ്ടെങ്കിലേ നിയമനം നടത്താവൂ.

## 233. ചില ജില്ലാ ജഡ്ജിമാർ വിളംബരം ചെയ്യുന്ന വിധികളുടെയും നിയമത്തിന്റെയും നിയമസാധുത.

**ചോ: 1966ലെ ഭരണഘടനാ ആക്റ്റ് വെളിച്ചത്തിൽ വരുന്നതിനുമുമ്പ് ഒരു ജില്ലാ ജഡ്ജിയുടെ ഏതെങ്കിലും നിയമനമോ പോസ്റ്റിംങ്ങോ പ്രൊമോഷനോ, സ്ഥലംമാറ്റമോ 233-ാം വകുപ്പുപ്രകാരമോ235-ാം വകുപ്പുപ്രകാരമോ,മുകളിൽ പറഞ്ഞ നടപടികൾ പ്രകാരമല്ല എന്ന ഒറ്റ കാരണത്താൽ അസാധുവായി പ്രഖ്യാപിക്കാമോ?**

ഉ: ഇല്ല.

## 234. ജില്ലാ ജഡ്ജിമാരാകാത്ത വ്യക്തികളെ ജുഡിഷ്യൽ സർവ്വീസിലേക്കുള്ള നിയമനം:—

ചോ: **സംസ്ഥാനത്തിലെ ജുഡിഷ്യൽ സർവ്വീസിലേക്ക് ആരെയാണ് നിയമിക്കേണ്ടത്?**

ഉ: ജില്ലാ ജഡ്ജിമാരല്ലാത്ത വ്യക്തികളെയാണ് നിയമിക്കേണ്ടത്.

ചോ: **അവരെ നിയമിക്കുന്നതിനുള്ള അധികാരം ആർക്കാണ്?**

ഉ: സംസ്ഥാനത്തിലെ ഗവർണർക്ക് ആണ് ഈ അധികാരമുള്ളത്.

ചോ: **ജുഡിഷ്യൽ സർവ്വീസിലേക്ക് നിയമിക്കുന്നതിനു മുമ്പ് ആരോടാണ് ഉപദേശം തേടേണ്ടത്?**

ഉ: അദ്ദേഹം സംസ്ഥാന സർവ്വീസ് കമ്മീഷനോടും ആ സംസ്ഥാനത്തിലെ ഹൈക്കോടതിയോടും ഉപദേശം തേടിയിരിക്കണം.

## 235. കീഴ്ക്കോടതികളുടെ മേലുള്ള നിയന്ത്രണം

ചോ: **ആർക്കാണ് ജില്ലാ കോടതിയെയും അവയ്ക്ക് താഴെയുള്ള കോടതിയെയും നിയന്ത്രിക്കാനുള്ള അധികാരമുള്ളത്?**

ഉ: സംസ്ഥാനത്തിലെ ഹൈക്കോടതിക്കാണ് ഈ അധികാരമുള്ളത്.

ചോ: **ഹൈക്കോടതിയുടെ കീഴ്ക്കോടതിക്കു മേലുള്ള മറ്റ് അധികാരങ്ങളെന്തെല്ലാം?**

ഉ: ഈ വ്യവസ്ഥയനുസരിച്ച് ജില്ലാ കോടതികളുടെയും അവയുടെ കീഴ്ക്കോടതികളുടെയും [illegible] നിയമനം, സ്ഥാനക്കയറ്റം, സംസ്ഥാന ജുഡിഷ്യൽ

ത്തിൽ ഗവർണർക്ക് കോടതിയോട് സംസ്ഥാനത്തിലെ പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശമാരായുവാനാവശ്യപ്പെടാമോ?

ഉ: ഉവ്വ്.

ചോ: അവരുടെ ശമ്പളം, അലവൻസ്, അവധി, പെൻഷൻ എന്നിവയെ സംബന്ധിച്ച നിയമങ്ങൾക്ക് ആരുടെ സമ്മതമാണ് വാങ്ങേണ്ടത്?

ഉ: മുകളിൽ പറഞ്ഞ വസ്തുതകളെ സംബന്ധിക്കുന്ന നിയമങ്ങൾക്ക് ഗവർണറുടെ സമ്മതമാണ് വാങ്ങേണ്ടത്.

ചോ: ഏതു ഫണ്ടിൽ നിന്നാണ് ഉദ്യോഗസ്ഥന്മാർക്കും ജീവനക്കാർക്കുമുള്ള ശമ്പളവും, അലവൻസും, പെൻഷനും ഹൈക്കോടതിയുടെ മറ്റു ഭരണകാര്യ ചിലവുകളും നടത്തിവരുന്നത്?

ഉ: ഇവയെല്ലാം നടത്തി വരുന്നത് സംസ്ഥാനത്തിലെ സഞ്ചിത ധനകാര്യ ഫണ്ടിൽ നിന്നാണ്.

## 230. ഹൈക്കോടതിയുടെ അധികാരപരിധി കേന്ദ്രഭരണ പ്രദേശങ്ങളിലേക്ക് വികസിപ്പിക്കുക.

ചോ: ഹൈക്കോടതിയുടെ അധികാര പരിധി വികസിപ്പിക്കാമോ?

ഉ: ഉവ്വ്. കേന്ദ്രഭരണ പ്രദേശത്തിന്മേലുള്ള ഒരു ഹൈക്കോടതിയുടെ അധികാര പരിധിയെ ഒഴിവാക്കുകയോ, കുറിച്ചത്തോ, ആ കോടതിയുടെ അധികാരപരിധിയെ വർദ്ധിപ്പിക്കുകയോ, കുറയ്ക്കുകയോ, ചെയ്യുവാൻ പാർലമെന്റിന് പൂർണ്ണ അധികാരമുണ്ട്.

ചോ: കേന്ദ്രഭരണ പ്രദേശത്തിന്മേലുള്ള ഒരു ഹൈക്കോടതിയുടെ അധികാരപരിധിയെ ഒഴിവാ

ക്കിയോ, കൂട്ടിച്ചേർത്തോ ആ കോടതിയുടെ അധികാര പരിധിയെ വർദ്ധിപ്പിക്കുകയോ, കൂട്ടിച്ചേർക്കുകയോ ചെയ്യുവാൻ ഉള്ള അധികാരം നിയമസഭയെ ഭൗത്യപ്പെടുത്തുവാൻ ഭരണഘടനയ്ക്ക് സാധിക്കുമോ?

ഉ: ഇല്ല.

ചോ: കേന്ദ്രഭരണ പ്രദേശത്തിലുള്ള കീഴ്ക്കോടതികൾക്കുവേണ്ടി നിയമങ്ങൾ രൂപീകരിക്കുന്നതിനും മററും ആരുടെ സമ്മതമാണ് വാങ്ങിയിരിക്കേണ്ടത്?

ഉ: രാഷ്ട്രപതിയുടെ സമ്മതം വാങ്ങിയിരിക്കണം.

*231. രണ്ടോ, മൂന്നോ, സംസ്ഥാനങ്ങൾക്ക് വേണ്ടി പൊതുവായ ഒരു ഹൈക്കോടതിയുടെ ആവിഷ്കരണം.*

ചോ: രണ്ടോ മൂന്നോ സംസ്ഥാനങ്ങൾക്ക് വേണ്ടിയോ, രണ്ടോ, അതിലധികമോ സംസ്ഥാനങ്ങൾക്കോ കേന്ദ്രഭരണ പ്രദേശങ്ങൾക്കോ വേണ്ടിയോ പൊതുവായ ഒരു ഹൈക്കോടതി ആവിഷ്കരിക്കുന്നതിനുള്ള അധികാരം പാർലമെൻറിന് ഉണ്ടോ?

ഉ: ഉവ്വ്.

ചോ: വ്യത്യസ്ത സംസ്ഥാനങ്ങളിലുള്ള കീഴ്ക്കോടതികൾക്കുവേണ്ടി നിയമങ്ങൾ രൂപീകരിക്കുന്നതിനും മററും ആരുടെ സമ്മതമാണ് വാങ്ങേണ്ടത്?

ഉ: ഈ ഹൈക്കോടതിക്ക് അധികാര പരിധിയുള്ള എല്ലാ സംസ്ഥാനങ്ങളിലെയും ഗവർണറുടെ സമ്മതം വാങ്ങിയിരിക്കണം.

സർവ്വീസിലുള്ളവരുടെ അവധി അനുവദിക്കൽ എന്നി കാര്യങ്ങളിൽ ഹൈക്കോടതിക്ക് അധികാരമുണ്ട്.

ചോ: **കീഴ്ക്കോടതികളിലെയോ, ജുഡീഷ്യൽ സർവ്വീസിലെയോ അംഗങ്ങൾക്ക് സർവ്വീസ് വ്യവസ്ഥകൾ അനുസരിച്ച് അപ്പീലിന് പോകാനുള്ള അവകാശമുണ്ടോ?**

ഉ: ഉണ്ട്.

## 236. വ്യാഖ്യാനം:-

ചോ: **ഈ അദ്ധ്യായത്തിൽ ഡിസ്ട്രിക്റ്റ് ജഡ്ജ് എന്നതുകൊണ്ട് എന്ത് അർത്ഥമാകുന്നു?**

ഉ: ഈ അദ്ധ്യായത്തിൽ വിവരിച്ചിട്ടുള്ള പ്രകാരം 'ഡിസ്ട്രിക്റ്റ് ജഡ്ജ്' എന്നതുകൊണ്ട് സിറ്റി സിവിൽ കോടതി ജഡ്ജി അഡീഷണൽ ഡിസ്ട്രിക്റ്റ് ജഡ്ജി ജോയിന്റ് ഡിസ്ട്രിക്റ്റ് ജഡ്ജി, അസിസ്റ്റന്റ് ഡിസ്ട്രിക്റ്റ് ജഡ്ജി, സ്മോൾകോസ് കോടതിയിലെ ചീഫ് ജഡ്ജ്, ചീഫ് പ്രസിഡൻസി, മജിസ്ട്രേറ്റ് അഡീ. ചീഫ് പ്രസിഡൻസി, മജിസ്ട്രേറ്റ് സെഷൻസ് ജഡ്ജി, അഡീ. സെഷൻസ് ജഡ്ജി, അസി. സെഷൻസ് ജഡ്ജി ഇവയെല്ലാം അർത്ഥമാകുന്നു.

ചോ: **'ജുഡീഷ്യൽ സർവ്വീസ്' എന്നതിന്റെ അർത്ഥമെന്താണ്?**

ഉ: ജില്ലാ ജഡ്ജിയുടെ പദവി പൂർത്തീകരിക്കേണ്ട വ്യക്തികളും, അവയുടെ കീഴിലായുള്ള സിവിൽ ജുഡീഷ്യൽ പദവികളുമൊഴികെയുള്ള സർവ്വീസിനെയാണ് ജുഡീഷ്യൽ സർവ്വീസ് എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

## 237. ഈ അദ്ധ്യായത്തിൽ ചില മജിസ്ട്രേറ്റ്മാരുടെ നടപടികളുടെ അപേക്ഷ

ചോ: **ഈ അദ്ധ്യായത്തിലെ നടപടികൾ, ജുഡീഷ്യൽ സർവ്വീസിലേക്ക് നിയമിച്ച വ്യക്തികൾക്ക് ചില വർഗ്ഗത്തിലുള്ള മജിസ്ട്രേറ്റു**

മാരുടെ നടപടികളിലേക്ക് അപേക്ഷയർ പ്പിക്കാൻ ബാധകമാണോ?

ഉ: ഉണ്ട്.

## ഭാഗം 8 കേന്ദ്രഭരണ പ്രദേശങ്ങൾ

**239. കേന്ദ്ര ഭരണ പ്രദേശങ്ങൾ:-**

ചോ: കേന്ദ്ര ഭരണ പ്രദേശങ്ങളുടെ ഭരണത്തിൽ ആരെയാണ് ചുമതലപ്പെടുത്തേണ്ടത്?

ഉ: രാഷ്ട്രപതിയാൽ നിയമിക്കുന്ന ഒരു അഡ്മിനിസ്ട്രേറ്റർ മുഖാന്തിരം രാഷ്ട്രപതിയാണ് ഈ പ്രദേശങ്ങളുടെ ഭരണ ചുമതല വഹിക്കേണ്ടത്.

ചോ: ഗവർണറെ അഡ്മിനിസ്ട്രേറ്റർ ആയി രാഷ്ട്രപതിക്ക് നിയമിക്കാമോ?

ഉ: ഉണ്ട്.

ചോ; അങ്ങനെ നിയോഗിക്കപ്പെടുന്ന ഒരു ഗവർണർക്ക് തന്റെ കടമകൾ സ്വതന്ത്രമായി പ്രവർത്തിക്കാമോ?

ഉ: ഉണ്ട്

**239 A ചില കേന്ദ്ര പ്രദേശങ്ങൾക്ക് വേണ്ടി തദ്ദേശ നിയമ സഭയുടെയും അല്ലെങ്കിൽ മന്ത്രിസഭയുടെയും അല്ലെങ്കിൽ ഇവ രണ്ടിന്റെയും നിർമ്മാണം.-**

ചോ: പാർലമെന്റിന് കേന്ദ്രഭരണ പ്രദേശങ്ങൾക്കുവേണ്ടി തദ്ദേശ നിയമസഭയുടെയും അല്ലെങ്കിൽ മന്ത്രിസഭയുടെയും നിർമ്മാണം സാധിക്കുമോ?

ഉ: ഉണ്ട്.

ചോ: ഇപ്പോൾ ഏതു കേന്ദ്രഭരണ പ്രദേശത്താണ് ഇത്തരം ഒരു നിയമസഭയും മന്ത്രിസഭയും നിലവിലുള്ളത്?

ഉ: പോണ്ടിച്ചേരി.

ചോ: ആരാണ് കേന്ദ്രഭരണ പ്രദേശങ്ങൾക്കു വേണ്ടി നിയമസഭയുടെയും മന്ത്രിസഭയുടെയും നിർമ്മാണത്തിനായി ഭരണഘടനാ അധികാരവും പ്രവർത്തനവും തീരുമാനിക്കുന്നത്?

ഉ: പാർലമെൻറിനാൽ നിർമ്മിതമായ നിയമമാണ് ഇവ തീരുമാനിക്കുന്നത്.

ചോ: കേന്ദ്രഭരണ പ്രദേശങ്ങൾക്കുവേണ്ടി നിയമസഭയുടെ നിർമ്മാണത്തിനായി ഉപയോഗിക്കുന്ന നിയമത്തിനെ ഈ ഭരണഘടനയുടെ ഭേദഗതിയായി കരുതപ്പെടാമോ?

ഉ: ഇല്ല. 368-ാം വകുപ്പിന്റെ ലക്ഷ്യത്തിനു വേണ്ടി ഭരണഘടനയുടെ ഭേദഗതിയുടെഫലവും നടപടികളും ഉൾക്കൊള്ളുന്നുണ്ടെങ്കിൽ കൂടി ഈ ഭരണഘടയുടെ ഭേദഗതിയായി കരുതപ്പെടാവുന്നതല്ല.

## 239A.A ഡൽഹിയെ സംബന്ധിച്ചുള്ള ചില പ്രത്യേക നടപടികൾ.

ചോ: 1991 ലെ ഭരണഘടനാ നിയമത്തിന്റെ ആവിർഭാവത്തിന്റെ തീയതി മുതൽ ഡൽഹി കേന്ദ്രഭരണ പ്രദേശങ്ങളുടെ പേര് എങ്ങനെയാണ് അറിയപ്പെടുന്നത്?

ഉ: ഈ കേന്ദ്രഭരണ പ്രദേശത്തെ ഡൽഹിയിലെ ദേശീയതലസ്ഥാനഭരണ പ്രദേശമെന്നും അഡ്മിനിസ്ട്രേറ്റർ എന്നും അറിയപ്പെടുന്നു.

**ചോ: ഡൽഹിയിലെ ദേശീയ തലസ്ഥാന ഭരണ പ്രദേശത്തിനുവേണ്ടി നിയമനിർമ്മാണസഭ ഉണ്ടാകുമോ?**

ഉ: ഉവ്വ്.

**ചോ: ആ സഭയിൽ സീറ്റുകൾ പൂർത്തീകരിക്കുന്നത് എങ്ങനെയാണ്?**

ഉ: ദേശീയ സംസ്ഥാന ഭരണപ്രദേശത്തിലുള്ള കേന്ദ്ര ഭരണപ്രദേശങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളാൽ ഈ സീറ്റുകൾ പൂർത്തീകരിക്കപ്പെടുന്നു.

**ചോ: എങ്ങനെയാണ് 324 മുതൽ 327വരെയും 329 വകുപ്പിലെ നടപടികൾ ദേശീയതല സംസ്ഥാന ഭരണ പ്രദേശങ്ങളിലും നിയമ നിർമ്മാണ സഭയിലെ ദേശീയ തലസ്ഥാന ഭരണ പ്രദേശങ്ങളിലും അതിലെ അംഗങ്ങൾക്കും ബാധകമാകുന്നത്?**

ഉ: ഒരു സംസ്ഥാനത്തെ സംബന്ധിച്ച് ഒരു സംസ്ഥാനത്തിലെ നിയമ നിർമ്മാണ സഭയെയും അസംബ്ലിയെയും അതിലെ അംഗങ്ങളെയും, 326 മുതൽ329വരെയുള്ള വകുപ്പുകളിൽ ഏതെങ്കിലും പരാമർശങ്ങളെയും സംബന്ധിച്ച് പാർലമെന്റുമായി ഒത്തുനോക്കിയിട്ടാണ് ഈ നടപടികൾ ഉപയോഗപ്രദമാകുന്നത്.

**ചോ: നിയമനിർമ്മാണ സഭയുടെ ഏതെല്ലാം കാര്യങ്ങളിലാണ് ഭരണഘടനാ നടപടി പ്രകാരം ദേശീയ തലസ്ഥാന ഭരണ പ്രദേശങ്ങൾ മുഴുവനുമോ അല്ലാതെയോ നിയമങ്ങൾ രൂപീകരിക്കാനുള്ളതായ അധികാരമുള്ളത്?**

ഉ: സംസ്ഥാന ലിസ്റ്റിലോ, കൺകറന്റ് ലിസ്റ്റിലോ, കൂടാതെ സംസ്ഥാന ലിസ്റ്റിലെ 1, 2, 18 എന്നീ സാധനത്തിലും ആ ലിസ്റ്റിലെ 64, 65, 66 എന്നിവയൊഴികെ

ലും ഉൾപ്പെടാത്ത കേന്ദ്ര ഭരണ പ്രദേശങ്ങളിലും ബാധിക്കുന്നതായ ഏതെങ്കിലും അംഗീകൃത കാര്യങ്ങളെ കുറിച്ച് നിയമങ്ങൾ രൂപീകരിക്കുവാൻ നിയമനിർമ്മാണ സഭയ്ക്ക് അധികാരമുണ്ട്.

**ചോ: മുകളിൽ പറഞ്ഞതായ നടപടികൾക്ക് വിപരീതമായി പാർലമെന്റ് പാസ്സാക്കിയ ഒരു നിയമത്തിന് മുമ്പോ, ശേഷമോ നിയമനിർമ്മാണ സഭ ഒരു നിയമം പാസ്സാക്കിയാൽ എന്താണ് സംഭവിക്കുക?**

ഉ: അങ്ങനെയൊരു നിയമം പാസ്സാക്കിയാൽ അതിന്റെ കാലാവധി വരെ അത് അസാധുവായി പരിഗണിക്കുന്നു.

**ചോ: ഇങ്ങനെയൊരു നിയമം നിയമനിർമ്മാണ സഭ പാസാക്കിയതിന് ശേഷം രാഷ്ട്രപതിയുടെ പരിഗണനയ്ക്കായി സൂക്ഷിച്ചു വെച്ച് അദ്ദേഹത്തിന്റെ അനുമതിയും സ്വീകരിച്ചാൽ എന്താണ് ചെയ്യേണ്ടത്?**

ഉ: അങ്ങനെയുള്ള സന്ദർഭങ്ങളിൽ ദേശീയ തലസ്ഥാനഭരണ പ്രദേശങ്ങളിൽ. ഇത് നടപ്പാക്കുന്നു.

**ചോ: അവിടെ എന്തെങ്കിലും തരത്തിലുള്ള ഒരു മന്ത്രിസഭയുണ്ടോ? ഉണ്ടെങ്കിൽ ആ മന്ത്രിസഭയുടെ ഭരണഘടന എന്താണ്?**

ഉ: ഉണ്ട്. നിയമനിർമ്മാണ സഭയിലെ ആകെ അംഗങ്ങളുടെ 10 ശതമാനം അംഗങ്ങളിൽ കുറയാതെ അംഗങ്ങളുൾക്കൊള്ളിയതും മുഖ്യമന്ത്രി തലവനുമായ ഒരു മന്ത്രിസഭയുണ്ട്.

**ചോ: ആ മന്ത്രിസഭയുടെ പ്രവർത്തനങ്ങൾ എന്താണ്?**

ഉ: നിയമനിർമ്മാണ സഭയ്ക്ക് നിയമനിർമ്മാണാധികാരമുള്ളകാര്യങ്ങളിൽ, അതിനെ സംബന്ധിക്കുന്ന കാര്യങ്ങളിൽ ഭരണ കർത്താവിന് ഉപദേശങ്ങൾ നൽകുക

യും സഹായിക്കുകയും ചെയ്യാനുള്ള അധികാരം മന്ത്രിസഭയ്ക്കുണ്ട്.

**ചോ: ഏതെങ്കിലും ഒരു കാര്യത്തിൽ ഭരണകർത്താവും തന്റെ മന്ത്രിസഭയും തമ്മിൽ അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടായാൽ ഭരണകർത്താക്കൾ ചെയ്യേണ്ട കാര്യങ്ങൾ എന്തെല്ലാം?**

ഉ: അങ്ങനെയുള്ള സന്ദർഭങ്ങളിൽ ഭരണകർത്താക്കൾ രാഷ്ട്രപതിയുടെ തീരുമാനത്തിനുവേണ്ടി പരാമർശിച്ച് ഒത്തുചേരുകയും അദ്ദേഹത്തിന്റെ തീരുമാനപ്രകാരം പ്രവർത്തനം നടത്തുകയും ചെയ്യുന്നു. വളരെ അത്യന്താപേക്ഷിതവും ഗുരുതരവുമായ കാര്യങ്ങളിൽ ഈ ഭരണകർത്താവിന് യുക്തമെന്നും, ഗൗരവമെന്നും തോന്നുന്നതായ തീരുമാനങ്ങൾ നടപ്പിലാക്കാവുന്നതാണ്.

**ചോ: എങ്ങനെയാണ് മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും നിയമിക്കപ്പെടുന്നത്?**

ഉ: മുഖ്യമന്ത്രിയെ രാഷ്ട്രപതി നിയമിക്കുകയും മുഖ്യമന്ത്രിയുടെ ഉപദേശപ്രകാരം മറ്റു മന്ത്രിമാരെ രാഷ്ട്രപതി നിയമിക്കുകയും ചെയ്യുന്നു.

**ചോ: എങ്ങനെയാണ് മന്ത്രിമാർ തങ്ങളുടെ കാലാവധി പുലർത്തുന്നത്?**

ഉ: രാഷ്ട്രപതിക്ക് പ്രീതിയുള്ളിടത്തോളം കാലം വരെ മന്ത്രിമാർക്ക് ഈ പദവിയിൽ തുടരാവുന്നതാണ്.

**ചോ: ഈ മന്ത്രിസഭ കൂട്ടമായി ആർക്കാണ് ഉത്തരവാദിത്തപ്പെട്ടിരിക്കുന്നത്?**

ഉ: അവരെല്ലാം കൂട്ടമായി ഉത്തരവാദിത്തപ്പെട്ടിരിക്കുന്നത് നിയമസഭക്കാണ്.

**ചോ: മുകളിൽ പറഞ്ഞതായ നടപടികൾ വഹിക്കേണ്ടതായ അല്ലെങ്കിൽ അവയ്ക്ക് നല്കേണ്ടതായ**

പാർലമെന്റിന്റെ അധികാരങ്ങൾ എന്തെല്ലാം?

ഉ: ഴ്യകളിൽ പറഞ്ഞിരിക്കുന്നതായ നടപടികളിൽ അത്യാവശ്യവും അനന്തരവുമായ കാര്യങ്ങളിൽ പാർലമെന്റിന് നിയമനടപടികൾ നടത്തുവാനും ഫലങ്ങൾ നൽകുവാനും അധികാരമുണ്ട്.

## 239AB. ഭരണഘടനാ നടപടികൾ പരാജയപ്പെടുമ്പോൾ ഉണ്ടാകുന്ന നടപടികൾ.

**ചോ: എപ്പോഴാണ് രാഷ്ട്രപതിക്ക് 239AA വകുപ്പിലെ ഏതെങ്കിലും ഒരു നടപടിയുടെ പ്രവർത്തനത്തെ പിരിച്ചുവിടാവുന്നത്?**

ഉ: ഭരണ കർത്താവിൽ നിന്നും ലഭിച്ചതായ ഒരു റിപ്പോർട്ടിൽ രാഷ്ട്രപതി സംതൃപ്തനാകുകയാണെങ്കിൽ രാഷ്ട്രപതിക്ക്;—

a) ദേശീയ തലസ്ഥാന കേന്ദ്രഭരണ പ്രദേശത്തിന്റെ ഭരണക്രമത്തിന് 239 AA വകുപ്പിലെ നടപടികൾ പ്രകാരം പ്രവർത്തിക്കപ്പെടാൻ സാധ്യമല്ലാത്തതായ ഒരു അവസ്ഥ ഉദിക്കുകയാണെങ്കിലും,

b) ദേശീയ തലസ്ഥാന കേന്ദ്ര ഭരണ പ്രദേശത്തിന്റെ യുക്തമായ ഭരണക്രമത്തിനുവേണ്ടിയും ഈ നടപടി നടത്താവുന്നതാണ്.

**ചോ: എങ്ങനെയാണ് രാഷ്ട്രപതി ഇത് ചെയ്യുന്നത്?**

ഉ: 239-ാം വകുപ്പു പ്രകാരവും 239AA വകുപ്പു പ്രകാരവും ദേശീയ തലസ്ഥാന കേന്ദ്ര ഭരണ പ്രദേശത്തിന്റെ ഭരണക്രമത്തിനുവേണ്ടി രാഷ്ട്രപതിയുടെ വ്യവസ്ഥകൾ സമർപ്പിച്ചു നിയമം, അത്യാവശ്യമാണെന്ന് തോന്നുന്ന അവസ്ഥയിലും കാലയളവിലും രാഷ്ട്രപതിക്ക് ഇങ്ങനെ ചെയ്യാവുന്നതാണ്.

## 239-B നിയമസഭയുടെ പ്രസംഗമായ ഇടവേളയിൽ കല്പനകൾ വിളംബരം ചെയ്യുന്ന

തിനുള്ള ഭരണ കർത്താവിന്റെ അധികാരം.

**ചോ: കല്പനകൾ പുറപ്പെടുവിക്കുന്നതിൽ കേന്ദ്രഭരണ പ്രദേശത്തിലെ ഭരണകർത്താവിന്റെ അധികാരങ്ങൾ എന്തെല്ലാം?**

ഉ: കേന്ദ്രഭരണ പ്രദേശത്തിന്റെ നിയമസഭാ സമ്മേളനം കൂടാത്ത ഏതു സമയത്തും ഭരണകർത്താവിന് ഉടൻ പെട്ടെന്നുള്ള നടപടികൾ അത്യാവശ്യമാണെന്ന് തോന്നുന്ന പക്ഷം അദ്ദേഹത്തിന് കല്പനകൾ പുറപ്പെടുവിക്കാവുന്നതാണ്.

**ചോ: അങ്ങനെയൊരു കല്പന പുറപ്പെടുവിക്കുന്നതിന് മുമ്പ് ഭരണകർത്താവ് ആരുടെ ഉപദേശമാണ് സ്വീകരിക്കേണ്ടത്?**

ഉ: കല്പനകൾ വിളംബരം ചെയ്യുന്നതിന് മുമ്പ് അദ്ദേഹം രാഷ്ട്രപതിയിൽ നിന്നും ഉപദേശം തേടേണ്ടതാണ്.

**ചോ: കേന്ദ്രഭരണ പ്രദേശത്തിന്റെ നിയമസഭ പിരിച്ചുവിടുമ്പോഴോ നിർത്തി വെയ്ക്കുമ്പോഴോ ഭരണ കർത്താവിന് ഏതെങ്കിലും ഒരു കല്പന വിളംബരം ചെയ്യാൻ സാധിക്കുമോ?**

ഉ: ഇല്ല

**ചോ: ഈ വകുപ്പു പ്രകാരം വിളംബരം ചെയ്ത കല്പനയുടെ ഫലം എന്താണ്?**

ഉ: ഈ വകുപ്പ് പ്രകാരം വിളംബരം ചെയ്ത കല്പന രാഷ്ട്രപതിയിൽ നിന്നും ശ്രദ്ധേയമായ ഉപദേശത്തോടു കൂടിയതും കേന്ദ്രഭരണ പ്രദേശത്തിന്റെ നിയമസഭയുടെ ഒരു ആക്റ്റ് ആയി പരിഗണിക്കപ്പെടാവുന്നതുമാണ്.

ചോ: **ഈ കല്പന നിയമസാധുതയുള്ളതാക്കി തീർക്കുന്നതിനു പിന്തുടരേണ്ടതായ ചട്ടങ്ങൾ എന്തെല്ലാം?**

ഉ: ഈ കല്പന വിളംബരം ചെയ്തതിനു ശേഷം കേന്ദ്രഭരണ പ്രദേശത്തിന്റെ നിയമസഭയുടെ മുമ്പാകെ അവയുടെ അംഗീകാരം കിട്ടുന്നതിനായി സമർപ്പിക്കേണ്ടതാണ്.

ചോ: **ഈ കല്പനയുടെ പ്രവർത്തനം നിർത്തലാക്കുന്നത് എപ്പോഴാണ്?**

ഉ: നിയമ സഭയുടെ പുനർ സമ്മേളനത്തിന് ശേഷം ആറ് ആഴ്ച തികയുമ്പോഴോ, ഈ കാലാവധി തികയുന്നതിന് മുമ്പ് നിയമം അംഗീകരിക്കാത്ത ഒരു പ്രമേയം പാസ്സാക്കുമ്പോഴോ ഈ കല്പനയുടെ പ്രവർത്തനം നിർത്തലാക്കുന്നു.

ചോ: **രാഷ്ട്രപതിയിൽ നിന്നും അനുവാദം കിട്ടിയതിനു ശേഷം ഭരണ കർത്താവിന് ഏതൊരു സമയത്തും താൻ പുറപ്പെടുവിച്ച കല്പന പിൻവലിക്കാനാവുമോ?**

ഉ: ഉവ്വ്

ചോ: **എപ്പോഴാണ് ഒരു കല്പന അസാധുവായിത്തീരുന്നത്?**

ഉ: കേന്ദ്ര ഭരണ പ്രദേശത്തിന്റെ നിയമ സഭയിൽ ഒരു കല്പനയിലെ നടപടികൾ നിയമ സാധുത ഇല്ലാത്തതാണെങ്കിൽ ആ കല്പന അസാധുവായിത്തീരുന്നു

## *240. ചില കേന്ദ്രഭരണ പ്രദേശങ്ങളിൽ നിയന്ത്രണങ്ങൾ രൂപീകരിക്കുന്നതിനുള്ള രാഷ്ട്രപതിയുടെ അധികാരം.*

ചോ: **കേന്ദ്രഭരണ പ്രദേശത്തിന്റെ ഒരു നല്ല ഗവൺമെന്റിന്റെ പുരോഗതിക്കും, സമാധാനത്തി**

നും വേണ്ടി നിയന്ത്രണങ്ങൾ ഉണ്ടാക്കുന്നതിന് രാഷ്ട്രപതിക്ക് സാധിക്കുമോ?

ഉ: ഉവ്വ്.

ചോ: രാഷ്ട്രപതിക്ക് അധികാരപ്പെട്ട നിയന്ത്രണങ്ങൾ രൂപീകരിക്കുന്നതായ കേന്ദ്ര ഭരണ പ്രദേശങ്ങൾ ഏതെല്ലാം?

ഉ: a) ആൻഡമാൻ നിക്കോബാർ ദ്വീപുകൾ.
b) ലക്ഷ ദ്വീപ്.
c) ദാദ്ര, നാഗർഹവേലി.
d) ദാമനും, ദിയുവും.
e) പോണ്ടിച്ചേരി.

ചോ: പോണ്ടിച്ചേരിയിലെ കേന്ദ്രഭരണ പ്രദേശത്തിനുവേണ്ടി അവിടെ നിയന്ത്രണങ്ങൾ രൂപീകരിക്കുവാൻ രാഷ്ട്രപതിക്ക് സാധിക്കുമോ?

ഉ: നിയമസഭയിലെ ആദ്യയോഗത്തിനു നിശ്ചയിച്ച തീയതി മുതൽ പോണ്ടിച്ചേരിയിലെ കേന്ദ്രഭരണ പ്രദേശത്തിനു വേണ്ടി നിയന്ത്രണങ്ങൾ രൂപീകരിക്കാൻ രാഷ്ട്രപതിക്ക് സാദ്ധ്യമല്ല.

ചോ: നിയമസഭ പിരിച്ചുവിടുമ്പോഴോ, സസ്പെൻഡ് ചെയ്യുമ്പോഴോ, പോണ്ടിച്ചേരിയിലെ ഉത്തമ ഗവൺമെന്റിന്റെ വളർച്ചയ്ക്കും സമാധാനത്തിനും വേണ്ടി രാഷ്ട്രപതിക്ക് നിയന്ത്രണങ്ങൾ രൂപീകരിക്കാനാവുമോ?

ഉ: ഉവ്വ്

ചോ: ഇങ്ങനെയുണ്ടാകുന്ന നിയന്ത്രണങ്ങളുടെ ഫലങ്ങൾ എന്ത്?

ഉ: ഇങ്ങനെയുള്ള ഏതൊരു നിയന്ത്രണവും കേന്ദ്രഭരണ പ്രദേശങ്ങൾക്ക് ബാധകമായ ഏതൊരു നിയമത്തിനും പാർ

ലമെന്റ് നിയമിച്ച ഏതൊരു ആക്റ്റിനും റദ്ദു ചെയ്യാനോ, ഭേദഗതി ചെയ്യുവാനോ സാധ്യമാണ്. ഒരു നിയമം രാഷ്ട്രപതിയാൽ വിളംബരം ചെയ്തതാണെങ്കിൽ അതേ ബലത്തിൽ തന്നെ കേന്ദ്രഭരണ പ്രദേശത്തിലെ അതാത് പാർലമെന്റിന്റെ ആക്റ്റിനോട് തുല്യമാകുന്നു.

### 241. കേന്ദ്ര ഭരണ പ്രദേശങ്ങൾക്കുവേണ്ടി ഹൈക്കോടതി —

**ചോ: ആർക്കാണ് കേന്ദ്രഭരണ പ്രദേശങ്ങൾക്കു വേണ്ടി ഹൈക്കോടതി രൂപീകരിക്കുവാൻ സാധിക്കുന്നത്?**

ഉ: പാർലമെന്റിനാണ് കേന്ദ്രഭരണ പ്രദേശങ്ങൾക്കുവേണ്ടി ഹൈക്കോടതി രൂപീകരിക്കാൻ സാധിക്കുന്നത്.

**ചോ: ഹൈക്കോടതിയുടെ നിയമപരിധി ഉൾപ്പെടുത്താത്തതും, വർദ്ധിപ്പിക്കുന്നതുമായ പാർലമെന്റിലെ അധികാരത്തിനെ ഈ വകുപ്പു പ്രകാരം കുറയ്ക്കുവാൻ സാധിക്കുമോ?**

ഉ: ഇല്ല.

## ഭാഗം 10. പട്ടികജാതി ഗിരിവർഗ്ഗ പ്രദേശങ്ങൾ

### 244. പട്ടിക ജാതി, ഗിരിവർഗ്ഗ പ്രദേശങ്ങളുടെ ഭരണക്രമം

**ചോ: ഈ പ്രദേശങ്ങളിലെ ഭരണക്രമത്തിനായി ഏത് നടപടികളാണ് ബാധകമാകുന്നത്?**

ഉ: ആസ്സാം, മേഘാലയ, ത്രിപുര, മിസ്സോറം എന്നീ സംസ്ഥാനങ്ങളൊഴികെ, ബാക്കി എല്ലാ സംസ്ഥാനങ്ങളിലും 5-ാം പട്ടികയിലെ നടപടികളാണ് ബാധകമാകുന്നത്.

### 244A ആസ്സാമിലെ ചില ഗിരിവർഗ്ഗ പ്രദേശങ്ങളോടുകൂടിയ സ്വയംഭരണ സംസ്ഥാനത്തിന്റെ രൂപീകരണവും തദ്ദേശ

## നിയമസഭയുടെ അല്ലെങ്കിൽ മന്ത്രിസഭയുടെ അല്ലെങ്കിൽ ഇവ രണ്ടിന്റെയും നിർമ്മാണവും.

ചോ: ആസ്സാമിലെ ചില ഗിരി വർഗ്ഗ പ്രദേശങ്ങളോടുകൂടിയ സ്വയംഭരണ സംസ്ഥാനത്തിന്റെ രൂപീകരണത്തിന് പാർലമെന്റിന് സാധിക്കുമോ?

ഉ: ഉവ്വ്. I-ാം ഭാഗത്തിലെ 6-ാം പട്ടികയിൽ 20-ാം ഖണ്ഡികയിൽ വിവരിച്ചതു പ്രകാരം പാർലമെന്റിന് ഇങ്ങനെ സാധ്യമാകുന്നു.

ചോ: പാർലമെന്റിന് സ്വയംഭരണ സംസ്ഥാനത്തിന്റെ ഭരണ ഘടനയ്ക്ക് വേണ്ടിയുള്ള അധികാരങ്ങൾക്കും പ്രവർത്തനത്തിനും വേണ്ടി നിയമ സഭയിലോ, മന്ത്രിസഭയിലോ ,നിയമങ്ങൾ രൂപീകരിക്കുവാൻ സാധിക്കുമോ?

ഉ: ഉവ്വ് .

ചോ: ഈ നിയമങ്ങളിൽ എന്തെല്ലാം കാര്യങ്ങളാണ് പ്രതിപാദിക്കുന്നത്?

ഉ: ആ നിയമങ്ങൾ:–

a) സംസ്ഥാന ലിസ്റ്റിലോ കൺകറന്റ് ലിസ്റ്റിലോ പ്രതിപാദിച്ചിരിക്കുന്നതായ സ്വയംഭരണ സംസ്ഥാനത്തിലെ ഏതെങ്കിലും ഒരു ഭാഗത്തിനോ അല്ലെങ്കിലും മുഴുവൻ ഭാഗത്തിനോ നിയമങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരങ്ങൾ പ്രതിപാദിക്കുന്നു.

b) സ്വയംഭരണ സംസ്ഥാനത്തിന്റെ എക്സിക്യൂട്ടീവ് അധികാരങ്ങൾ വ്യാപിക്കുന്നതിനെ സംബന്ധിക്കുന്ന കാര്യങ്ങൾ.

c) ഈ ഭരണഘടനയിലെ ഏതെങ്കിലും ഒരു വകുപ്പിൽ പരാമർശിച്ചതായതും സ്വയം ഭരണ തലസ്ഥാനത്തിനെ

ഉൾക്കൊള്ളിച്ച് പരാമർശിച്ചിട്ടുള്ള കാര്യങ്ങൾ.

d) കൂട്ടിച്ചേർത്തതും, സ്വഭാവികവും അനന്തരഫലമായതുമായ നടപടികൾ വളരെ അത്യാവശ്യമാണെന്ന് തോന്നുകയാണെങ്കിൽ അവയ്ക്കുവേണ്ടി നിർമ്മിക്കുന്നതായ കാര്യങ്ങളും ഈ നിയമങ്ങളിൽ പ്രതിപാദിച്ചിരിക്കുന്നു.

**ചോ: 244 A വകുപ്പിന്റെ 2-ാം ഭാഗത്തിലെ (a) യും (b) യും പുനർ വിഭാഗങ്ങളെ നിയമസാധുതയുള്ളവയായ ഭേദഗതികൾ ആക്കിതീർക്കുന്നതിന് ആവശ്യമായതെന്തെല്ലാം?**

ഉ: പാർലമെന്റിലെ ഇരു സഭകളിലും പങ്കെടുത്ത് വോട്ട് ചെയ്ത അംഗങ്ങളുടെ ⅔ ഭാഗത്തിൽ കുറയാതെ അംഗങ്ങൾ പാസ്സാക്കപ്പെട്ടതുമായ ഭേദഗതികൾ നിയമ സാധുതയുള്ളതാണ്.

**ചോ: ഈ വകുപ്പ് പാസ്സാക്കിയതായ ഒരു ഭേദഗതിയെ ഭരണഘടനയുടെ ഭേദഗതിയായി കരുതപ്പെടാമോ?**

ഉ: ഇല്ല. 368-ാം വകുപ്പ് പ്രകാരം എല്ലാ നടപടികളും ഈ ഭേദഗതികളിൽ രൂപീകൃതമായെങ്കിൽകൂടി ഇവയെ ഭരണഘടനയുടെ ഭേദഗതിയായി കരുതപ്പെടാവുന്നതല്ല.

# ഭാഗം 11 യൂണിയനും സംസ്ഥാനങ്ങളും തമ്മിലുള്ള ബന്ധം

## പാഠം 1 നിയമ നിർമ്മാണ ബന്ധങ്ങൾ - നിയമ നിർമ്മാണ അധികാരങ്ങളുടെ വിതരണം

***245. സംസ്ഥാനത്തിലെ നിയമസഭയാലും പാർലമെന്റിനാലും നിർമ്മിതമായ നിയമങ്ങളുടെ പരിധി:-***

**ചോ: സംസ്ഥാനത്തിലെ നിയമ സഭയാലും, പാർല**

**മെന്റിനാലും നിർമ്മിതമായ നിയമങ്ങളുടെ പരിധി എന്താണ്?**

ഉ: പാർലമെന്റിന് ഇന്ത്യയിലെ ഏതൊരു ഭാഗത്തിനും അല്ലെങ്കിൽ ഇന്ത്യയ്ക്ക് മുഴുവനായും നിയമങ്ങൾ ഉണ്ടാക്കാവുന്നതാണ്. എന്നാൽ സംസ്ഥാനത്തിലെ നിയമസഭയ്ക്ക് സംസ്ഥാനത്തിന് മുഴുവനായും അല്ലെങ്കിൽ ഏതൊരു ഭാഗത്തിനുവേണ്ടിയും നിയമങ്ങൾ ഉണ്ടാക്കാവുന്നതാണ്.

**ചോ: പാർലമെന്റിനാൽ നിർമ്മിതമായ ഒരു നിയമം അതിന്റെ അധിക കേന്ദ്രീകരണ പ്രദേശത്തിനു് കൂടി ഉൾക്കൊണ്ടു എന്നകാരണത്താൽ ഈ നിയമം അസാധുവാകുന്നുണ്ടോ?**

ഉ: ഇല്ല.

## *246. സംസ്ഥാനത്തിലെ നിയമസഭയാലും പാർലമെന്റിനാലും നിർമ്മിതമായ നിയമങ്ങളുടെ പ്രസക്ത ഭാഗം*

**ചോ: യൂണിയൻ ലിസ്റ്റിൽ അല്ലെങ്കിൽ 7-ാം പട്ടികയിലെ ഒന്നാംലിസ്റ്റിൽ പ്രതിപാദിച്ചിരിക്കുന്നതായ കാര്യങ്ങളിൽ നിയമങ്ങൾ ഉണ്ടാക്കുന്നതിനു് ഉള്ള അധികാരം പാർലമെന്റിന് ഉണ്ടോ?**

ഉ: ഉണ്ട്. യൂണിയൻ ലിസ്റ്റിൽ പ്രതിപാദിച്ചിരിക്കുന്നതായ ഏതെങ്കിലും കാര്യങ്ങളിൽ നിയമങ്ങൾ രൂപീകരിക്കുന്നതിനുള്ള മുഴുവൻ അധികാരവും പാർലമെന്റിനുണ്ട്.

**ചോ: ആർക്കാണ് 7-ാം പട്ടികയിലെ കൺകറന്റ് ലിസ്റ്റിലോ അല്ലെങ്കിൽ 3-ാം ലിസ്റ്റിലോ പ്രതിപാദിച്ചിരിക്കുന്ന ഏതെങ്കിലും കാര്യങ്ങളെക്കുറിച്ച് നിയമങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരമുള്ളത്?**

ഉ: പാർലമെന്റിനും ഏതെങ്കിലും ഒരു സംസ്ഥാനത്തിലെ നിയമസഭയ്ക്കുമാണ് ഈ അധികാരമുള്ളത്.

**ചോ: ആർക്കാണ് 7-ാം പട്ടികയിലെ സ്റ്റേറ്റ് ലിസ്റ്റിലോ, അല്ലെങ്കിൽ 2-ാം ലിസ്റ്റിലോ പ്രതിപാദിച്ചിരിക്കുന്ന ഏതെങ്കിലും കാര്യങ്ങളെക്കുറിച്ച് നിയമങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരമുള്ളത്?**

ഉ: ഏതെങ്കിലും ഒരു സംസ്ഥാനത്തിലെ നിയമസഭയ്ക്കാണ് ആ സംസ്ഥാനത്തിനു വേണ്ടി നിയമങ്ങൾ രൂപീകരിക്കുന്നതിനുള്ള അധികാരമുള്ളത്.

## *247. ചില അഡീഷണൽ കോടതിയുടെ ആവിർഭാവത്തിനുവേണ്ടി അനുമതിനൽകുന്നതിനുള്ള പാർലമെന്റിന്റെ അധികാരം*

**ചോ: പാർലമെന്റിന് ചില അഡീഷണൽ കോടതിയുടെ ആവിർഭാവത്തിനുവേണ്ടി അനുമതി നൽകുന്നതിന് പാർലമെന്റിന് അധികാരമുണ്ടോ?**

ഉ: ഉണ്ട്.

## *248. നിയമ നിർമ്മാണത്തിന്റെ മറ്റ് അധികാരങ്ങൾ*

**ചോ: സംസ്ഥാന ലിസ്റ്റിലും കൺകറന്റ് ലിസ്റ്റിലും ഉൾപ്പെടാത്തതായ മറ്റ് ഏതെങ്കിലും അധികാരങ്ങൾ പാർലമെന്റിന് ഉണ്ടോ?**

ഉ: ഉണ്ട്. മുകളിൽ പറഞ്ഞതായ ഒരു ലിസ്റ്റിലും ഉൾപ്പെടാത്തതും നികുതി നടപ്പാക്കുന്നതുമായ ഏതൊരു നിയമം രൂപീകരിക്കുന്നതിനുള്ള അധികാരം പാർലമെന്റിനുണ്ട്.

**249. സംസ്ഥാനങ്ങളിൽ ദേശീയ താല്പര്യ കാര്യങ്ങളെക്കുറിച്ച് നിയമം നിർമ്മിക്കുന്നതിനുള്ള പാർലമെൻറിന്റെ അധികാരം.**

ചോ: **സംസ്ഥാനങ്ങളിൽ ദേശീയ താല്പര്യ കാര്യങ്ങളെക്കുറിച്ച് നിയമം നിർമ്മിക്കുന്നതിനുള്ള അധികാരം പാർലമെൻറിന് ഉണ്ടോ?**

ഉ: ഉവ്വ്. മന്ത്രിസഭ പ്രഖ്യാപിച്ച പ്രമേയം ഇതിൽ പങ്കെടുത്ത് വോട്ട് ചെയ്ത അംഗങ്ങളുടെ ⅔ ഭാഗത്തെക്കാളും കുറയാതെ പിൻതാങ്ങുകയാണെങ്കിൽ ഈ നിയമം നിർമ്മിക്കുന്നതിനുള്ള അധികാരം പാർലമെൻറിനുണ്ട്.

ചോ: **ഇങ്ങനെ മന്ത്രിസഭ പാസ്സാക്കപ്പെട്ട ഈ പ്രമേയം എത്ര കാലം നിലനിൽക്കുന്നു?**

ഉ: ഈ പ്രമേയത്തിൽ പ്രതിപാദിച്ചിരിക്കുന്നതിൽ ഒരുവർഷത്തിൽകുറയാത്ത കാലയളവ് വരെ പ്രാബല്യത്തിൽ വരുത്തുന്നു.

ചോ: **ഈ പ്രമേയത്തിന്റെ പ്രവർത്തന കാലയളവ് വർദ്ധിപ്പിക്കാമോ?**

ഉ: ഒരു വർഷം കൂടി ഈ കാലയളവ് വർദ്ധിപ്പിക്കാവുന്നതാണ്.

**250. അടിയന്തരാവസ്ഥ വിളംബരം ചെയ്ത് പ്രവർത്തിക്കുമ്പോൾ സംസ്ഥാനങ്ങളിൽ നിയമം നിർമ്മിക്കുന്നതിനെ കുറിച്ച് പാർലമെൻറിന്റെ അധികാരം.**

ചോ: **അടിയന്തരവസ്ഥ വിളമ്പരം ചെയ്ത് പ്രവർത്തിക്കുമ്പോൾ ഇന്ത്യയിലൊട്ടാകെയോ, ഏതെങ്കിലും ഒരു കേന്ദ്ര ഭരണ പ്രദേശങ്ങളിലോ നിയമം നിർമ്മിക്കുന്നതിനെക്കുറിച്ച്**

പാർലമെൻറിന് അധികാരമുണ്ടോ?

ഉ: ഉണ്ട്.

ചോ: പാർലമെൻറ് നിർമ്മിച്ച ഒരു നിയമം, അടിയന്തരാവസ്ഥ വിളംബരം ചെയ്തതിന് ശേഷം അതിലെ ഫലങ്ങൾ നിറുത്തലാക്കാൻ യോഗ്യമാകുമോ?

ഉ: ഉണ്ട്. പാർലമെൻറ് നിർമ്മിച്ച ഒരു നിയമം അടിയന്തരാവസ്ഥ വിളംബരം ചെയ്ത് അതിന് 6 മാസം കാലാവധി എത്തുമ്പോൾ അതിനെ നിർത്താവുന്നതാണ്

**251. സംസ്ഥാനത്തിലെ നിയമസഭയാൽ നിർമ്മിതമായ നിയമവും 249 ഉം 250 ഉം വകുപ്പുകൾ പ്രകാരം പാർലമെൻറിനാൽ നിർമ്മിതമായ നിയമവും തമ്മിലുള്ള വിയോജിപ്പ്**

ചോ: 249 ഉം 250 ഉം വകുപ്പുകൾ സംസ്ഥാനത്തിലെ നിയമസഭയുടെ നിയമം ഉണ്ടാക്കുന്നതിനുള്ള അധികാരം നിയന്ത്രിതപ്പെടുത്താമോ?

ഉ: 249ഉം 250ഉം വകുപ്പുകൾ സംസ്ഥാനത്തിലെ നിയമസഭയുടെ ഭരണഘടനാ പ്രകാരമുള്ള നിയമം ഉണ്ടാക്കുന്നതിനുള്ള അധികാരം നിയന്ത്രിതപ്പെടുത്തുന്നില്ല.

ചോ: സംസ്ഥാനത്തിലെ നിയമസഭയാൽ നിർമ്മിതമായ നിയമവും 249ഉം 250ഉം വകുപ്പുകൾ പ്രകാരം പാർലമെൻറിനാൽ നിർമ്മിതമായ നിയമവും തമ്മിൽ ഒരു എതിർപ്പ് വിയോജിപ്പ് ഉണ്ടെങ്കിൽ ഏത് നടപടികളാണ് ആവിഷ്കരിക്കേണ്ടത്?

ഉ: ഇങ്ങനെയൊരു സന്ദർഭത്തിൽ സംസ്ഥാനത്തിലെ നിയമസഭയാൽ നിർമ്മിതമായ നിയമത്തിന് ശേഷമോ, മു

ണ്ടോ, പാർലമെന്റിനാൽ നിർമ്മിതമായ നിയമമാണ് ആവിഷ്കരിക്കുന്നത്.

**252. ഏതെങ്കിലുമൊരു സംസ്ഥാനത്തിൽ ആ സംസ്ഥാനത്തിന്റെ നിയമ നിർമ്മാണാധികാരത്തിന്റെ സമ്മതത്തോടും കൂട്ടിച്ചേർക്കലോടും കൂടി രണ്ടോ മൂന്നോ സംസ്ഥാനത്തിനുവേണ്ടി നിയമങ്ങൾ നിർമ്മിക്കുന്നതിനുള്ള പാർലമെന്റിന്റെ അധികാരം:**

**ചോ: രണ്ടോ അതിലധികമോ സംസ്ഥാനത്തിനു വേണ്ടി നിയമങ്ങൾ നിർമ്മിക്കുന്നതിനുള്ള അധികാരം പാർലമെന്റിനുണ്ടോ?**

ഉ: ഉണ്ട്.

**ചോ: എപ്പോഴാണ് പാർലമെന്റിന് ഈ അധികാരം രണ്ടോ അതിലധികമോ സംസ്ഥാനങ്ങൾക്കു വേണ്ടി പ്രാവർത്തികമാക്കാൻ സാദ്ധ്യമാകുന്നത്?**

ഉ: 249ഉം 250ഉം വകുപ്പുകൾ ഒഴികെ നിയമങ്ങൾ ഉണ്ടാക്കാൻ അധികാരമില്ലാത്തതായ കാര്യങ്ങളിൽ രണ്ടോ അതിലധികമോ സംസ്ഥാനങ്ങൾക്കു വേണ്ടി നിയമങ്ങൾ ഉണ്ടാക്കാൻ പാർലമെന്റിന് അധികാരപ്പെടുത്തുകയാണെങ്കിലും, ആ ഫലത്തിനനുസരിച്ച് പ്രമേയം പാസാക്കുകയാണെങ്കിലും പാർലമെന്റിന് മറ്റുള്ള സംസ്ഥാനങ്ങളെയും കൂട്ടിച്ചേർത്ത് നിയമങ്ങൾ പാസ്സാക്കാവുന്നതാണ്.

**ചോ: അങ്ങനെ പാസ്സാക്കിയ ഒരു നിയമം മറ്റ് സംസ്ഥാനങ്ങൾക്ക് ബാധകമാണോ?**

ഉ: ഉവ്വ്. രണ്ടോ അതിലധികമോ സംസ്ഥാനങ്ങളുടെ പ്രമേയങ്ങൾക്കനുസരിച്ച് പാർലമെന്റിനാൽ പാസ്സാക്കപ്പെട്ട ഒരു നിയമം, ആ ലക്ഷ്യത്തിനു വേണ്ടി പാസ്സാക്കപ്പെട്ട ഒരു പ്രമേയത്താൽ ഏതൊരു സംസ്ഥാനത്തിനും

ഏത് നടപടികളാണ് പ്രാബല്യത്തിൽ വരുന്നത്

ഉ: ഇങ്ങനെയുള്ള വിയോജിപ്പിന്റെ സന്ദർഭത്തിൽ പാർലമെന്റിനാൽ നിർമ്മിതമായ നിയമ നടപടികൾ പ്രാബല്യത്തിൽ വരുകയും സംസ്ഥാനത്തിലെ നിയമസഭയാൽ നിർമ്മിതമായ നിയമങ്ങൾ അസാധുവായി പ്രഖ്യാപിക്കുകയും ചെയ്യുന്നു.

**ചോ. 1: എപ്പോഴാണ് സംസ്ഥാനത്തിലെ നിയമസഭയാൽ നിർമ്മിതമായ നിയമം പാർലമെന്റിനാൽ നിർമ്മിതമായ നിയമത്തിനെ മറികടക്കുന്നത്?**

ഉ: കൺകറന്റ് ലിസ്റ്റിൽ പ്രതിപാദിച്ചിരിക്കുന്ന ഏതെങ്കിലും ഒരു കാര്യത്തിനെ സംബന്ധിച്ച് സംസ്ഥാനത്തിലെ നിയമസഭയാൽ നിർമ്മിതമായ നിയമങ്ങളും മുമ്പ് പ്രസ്താവിച്ചതായ നടപടികളുമായി വിയോജിപ്പ് വരികയാണെങ്കിൽ നിയമസഭയാൽ നിർമ്മിതമായ നിയമം രാഷ്ട്രപതിയുടെ അനുമതിയോടെ സ്വീകരിക്കുകയാണെങ്കിൽ ഇത് സംസ്ഥാനത്തിൽ പ്രാബല്യത്തിൽ വരുത്തുന്നു.

## 255. നടപടികാര്യങ്ങളായി മാത്രം കരുതപ്പെടുന്ന അനുമതിയുടെയും, പിന്തുണയുടെയും ആവശ്യകതകൾ

**ചോ. (1): രാഷ്ട്രപതിയുടെയോ, ഗവർണറുടെയോ, പിന്തുണയോ, അനുമതിയോ, കൊടുത്തിട്ടില്ല എന്ന കാരണത്താൽ മാത്രം പാർലമെന്റ് നിയമമോ, സംസ്ഥാന നിയമസഭാ നിയമമോ, അസാധുവായി പ്രഖ്യാപിക്കാമോ?**

ഉ: ഇല്ല.

# പാഠം 2 ഭരണപരമായ ബന്ധങ്ങൾ

## 256. യൂണിയനും സംസ്ഥാനവും തമ്മിലുള്ള ബന്ധങ്ങൾ

**ചോ: എങ്ങനെയാണ് എല്ലാ സംസ്ഥാനത്തിന്റെയും**

എക്സിക്യൂട്ടീവ് അധികാരങ്ങൾ പ്രയോഗിക്കപ്പെടുന്നത് ?

ഉ: 256-ാം വകുപ്പ് പ്രകാരം ഓരോ സംസ്ഥാനത്തിന്റെയും എക്സിക്യൂട്ടീവ് അധികാരം പാർലമെന്റിന്റെ നിയമങ്ങളുമായി പൊരുത്തപ്പെട്ടുപോകുന്ന വിധത്തിലായിരിക്കണം പ്രയോഗിക്കേണ്ടത്.

ചോ: യൂണിയന്റെ എക്സിക്യൂട്ടീവധികാരത്തിന് പ്രയോഗിക്കേണ്ടതായ പരിധി എന്താണ്?

ഉ: ഇന്ത്യാ ഗവൺമെന്റിന് യുക്തമെന്ന് തോന്നുന്ന നിർദ്ദേശങ്ങൾ സംസ്ഥാനങ്ങൾക്ക് നൽകുവാനും യൂണിയൻ എക്സിക്യൂട്ടീവിന് അധികാരമുണ്ട്.

## 257. സംസ്ഥാനങ്ങൾക്ക് നിർദ്ദേശങ്ങൾ (നിയന്ത്രണങ്ങൾ) നൽകുന്നതിനുള്ള യൂണിയന്റെ പൊതു അധികാരം:-

ചോ: യൂണിയന്റെ എക്സിക്യൂട്ടീവ് അധികാരം സംസ്ഥാനത്തിന്റെ എക്സിക്യൂട്ടീവ് അധികാരത്തെ നിയന്ത്രിക്കാനാവുമോ?

ഉ: ഉവ്വ്. യൂണിയന്റെ സംസ്ഥാനത്തിന് മേലുള്ള എക്സിക്യൂട്ടീവ് അധികാരത്തെ തടയുകയോ, പക്ഷപാതബുദ്ധ്യാ നോക്കിക്കാണുകയോ, അരുതെന്നാണ്.

ചോ: രാഷ്ട്രത്തിന്റെയോ, സായുധ സേനയുടെയോ, അത്യാവശ്യങ്ങൾക്കുവേണ്ടി ഗതാഗതവാർത്താവിനിമയ മാർഗ്ഗങ്ങളുണ്ടാക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന വസ്തുതകളിൽ സംസ്ഥാനത്തിന് നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള അധികാരം യൂണിയന് ഉണ്ടോ?

ഉ: ഉണ്ട്.

ചോ: യൂണിയനുള്ള അധികാരങ്ങളെയോ കരമാർഗ്ഗങ്ങളെന്നോ, ജലമാർഗ്ഗങ്ങളെന്നോ പ്രഖ്യാ

പിക്കുവാനുള്ള പാർലമെൻറിൻെറ അധികാരങ്ങളെ ഈ വകുപ്പ് ബാധിക്കുന്നുണ്ടോ?

ഉ: ഇല്ല.

ചോ: സംസ്ഥാനങ്ങൾക്കുള്ളിൽ റെയിൽവേകളുടെ സംരക്ഷണ 'നിർദ്ദേശങ്ങൾ നൽകാനുള്ള ഈ അധികാരം' നാവികസേന, കരസേന, വ്യോമസേന എന്നിവയുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ വാർത്താവിനിമയം സൗകര്യം ഉണ്ടാക്കുന്നതിലും സംരക്ഷിക്കുന്നതിലും യൂണിയന് അധികാരമുണ്ടോ?

ഉ: ഉണ്ട്.

ചോ: കേന്ദ്രം നൽകുന്ന വിശേഷാൽ നിർദ്ദേശങ്ങൾ കാരണം ആ സേവനം നടത്തുന്നതിൽ സംസ്ഥാനങ്ങൾക്ക് കൂടുതലായി ചെലവ് വന്നെന്നു വരാം. ഇത്തരം ജോലികൾ നിർവ്വഹിക്കുന്നതുകൊണ്ടുണ്ടാകുന്ന അധിക ചെലവുകളെ നേരിടുവാൻ ഭരണഘടന വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വ്യവസ്ഥയനുസരിച്ച് കൊടുക്കേണ്ട തുകയെപ്പറ്റി ഒരു തീരുമാനത്തിലെത്താൻ യൂണിയൻ ബാദ്ധ്യസ്ഥനാണോ?

ഉ: അതെ. അങ്ങനെ രണ്ടു പാർട്ടിയും ഒത്തുതീർപ്പിലെത്തുന്നില്ലെങ്കിൽ ഇന്ത്യയുടെ ചീഫ് ജസ്റ്റിസ് നിയമിക്കുന്ന ഒരു മദ്ധ്യസ്ഥൻെറ മുമ്പിൽ അക്കാര്യം സമർപ്പിക്കും. ആ മദ്ധ്യസ്ഥൻ കൂടുതലായി വരുന്ന ചിലവുതുകയെന്ത് നിർണ്ണയിക്കണം. ഈ ചിലവ് സംസ്ഥാനത്തിന് യൂണിയൻ കൊടുക്കുന്നു.

258. ചില സന്ദർഭങ്ങളിൽ സംസ്ഥാനങ്ങളിൽ അധികാരങ്ങൾ ചാർച്ചചെയ്യുന്നതിൽ യൂണിയൻെറ അധികാരം:—

ചോ: യൂണിയന്റെ എക്സിക്യൂട്ടീവ് അധികാരത്തെക്കുറിച്ചുള്ള ഏതൊരു കാര്യത്തിലും സംസ്ഥാന ഗവൺമെന്റിനോ, അല്ലെങ്കിൽ ഇതിലെ ഓഫീസർമാർക്കോ, ഭരമേൽപ്പിക്കുവാൻ രാഷ്ട്രപതിക്ക് സാധിക്കുമോ?

ഉ: സാധിക്കും.

ചോ: ഏതെങ്കിലും സംസ്ഥാനത്തിനകത്ത് ബാധകമായ അതിന്റെ ഒരു നിയമംകൊണ്ട് സംസ്ഥാനഉദ്യോഗസ്ഥന്മാർക്ക് അധികാരങ്ങൾ നൽകുവാനും അവരെ കർത്തവ്യങ്ങൾ ഏൽപ്പിക്കുവാനും പാർലമെന്റിന് അധികാരമുണ്ടോ?

ഉ: ഉണ്ട്.

ചോ: സംസ്ഥാന ഗവൺമെന്റിന്റെ സമ്മതത്തോടുകൂടി യൂണിയന്റെ എക്സിക്യൂട്ടീവ് പ്രവർത്തനങ്ങളുടെ പരിധിക്കുള്ളിൽ വരുന്ന കർത്തവ്യങ്ങൾ ആ ഗവൺമെന്റിനെയോ, അതിലെ ഉദ്യോഗസ്ഥന്മാരെയോ ചുമതലപ്പെടുത്താൻ യൂണിയൻ എക്സിക്യൂട്ടീവിന് ഭരണഘടന അധികാരം നൽകിയിട്ടുണ്ടോ?

ഉ: ഉണ്ട്

### 259. യൂണിയൻ പ്രവർത്തനങ്ങൾ ഭരമേല്പിക്കുന്നതിൽ സംസ്ഥാനങ്ങളുടെ അധികാരം:—

ചോ: യൂണിയന്റെ എക്സിക്യൂട്ടീവ് അധികാരത്തെ കുറിച്ചുള്ള ഏതൊരു കാര്യത്തിലും സംസ്ഥാന ഗവൺമെന്റിനോ അല്ലെങ്കിൽ ഇതിലെ ഓഫീസർമാർക്കോ ഭരമേൽപ്പിക്കുന്നതിന് ഇന്ത്യാ ഗവൺമെന്റിന്റെ സമ്മതത്തോടുകൂടി

സംസ്ഥാന ഗവർണർക്ക് സാധിക്കുമോ?

ഉ: ഇല്ല്.

## 260. വിദേശരാജ്യത്തെ കേന്ദ്രഭരണ പ്രദേശങ്ങളെ സംബന്ധിച്ച് യൂണിയന്റെ നിയമ പരിധി:-

ചോ: ഈ വകുപ്പനുസരിച്ച് ഇന്ത്യാഗവൺമെന്റിന് ഒരു വിദേശ രാജ്യത്തെ എക്സിക്യൂട്ടീവോ നിയമ നിർമ്മാണസഭയോ ജുഡീഷ്യലോ ആയ കാര്യങ്ങൾ ആ പ്രദേശത്തെ ഗവൺമെന്റുമായുള്ള ഒത്തുതീർപ്പടിസ്ഥാനത്തിൽ നടത്താനധികാരമുണ്ടോ?

ഉ: ഉണ്ട്.

ചോ: ഇങ്ങനെയൊരു പ്രവർത്തനങ്ങൾക്ക് മുമ്പായി പിൻതുടരേണ്ടതായ ഔപചാരികത എന്താണ്

ഉ: ഇങ്ങനെയൊരു പ്രവർത്തനം നടത്തുന്നത് വിദേശരാജ്യ ഗവൺമെന്റുമായിഉടമ്പടിഉണ്ടാക്കിയതിനുശേഷമാണ്

ചോ: ഈ ഉടമ്പടി എന്തെങ്കിലും നിയമത്തിന് വിധേയമായിട്ടുണ്ടോ?

ഉ: അതാതു കാലത്തുള്ള വിദേശ നിയമപരിധിയുമായി ബന്ധപ്പെടുത്തിയിട്ടാണ് ഈ ഉടമ്പടി എന്തെങ്കിലും നിയമത്തിന് വിധേയമാകുന്നത്.

## 261. പൊതു നിയമങ്ങളും റെക്കോർഡുകളും ജുഡീഷ്യൽ നടപടികളും:-

ചോ: എല്ലാ സംസ്ഥാനങ്ങളുടെയും, യൂണിയന്റെയും, പൊതു നിയമങ്ങൾക്കും, റെക്കോർഡുകൾക്കും, ജുഡീഷ്യൽ നടപടികൾക്കും പരിവി നൽ

**കുന്നത് എന്താണ്?**

ഉ: ഇന്ത്യക്കകത്തുള്ള എല്ലാസംസ്ഥാനങ്ങളുടെയും യൂണിയന്റെയും പൊതു നിയമങ്ങൾക്കും, റെക്കോർഡുകൾക്കും ജുഡീഷ്യൽ നടപടികൾക്കും വിശ്വാസ്യതയും പ്രമാണികതയും നൽകുന്നതാണ്.

**ചോ: ഈ നിയമങ്ങളും, റെക്കോർഡുകളും, ജുഡീഷ്യൽ നടപടികളും ഏതു രീതിയിലാണ് തെളിയിക്കുന്നതും അതിന്റെ ഫലങ്ങൾ തീരുമാനിക്കുന്നതും?**

ഉ: ഇവയെല്ലാം തീരുമാനിക്കുന്നത് പാർലമെന്റാൽ ആക്ട് മ് തീരുമാനിക്കുന്നതുപോലെയാണ്.

**ചോ: ഇന്ത്യയുടെ ഏതു ഭാഗത്തും ഉള്ള സിവിൽ കോടതികൾ പാസ്സാക്കുന്നതും അയയ്ക്കുന്നതുമായ അന്തിമ വിധികളും, കല്പനകളും പ്രാവർത്തികമാക്കുവാനും വ്യവസ്ഥയുണ്ടോ?**

ഉ: ഇന്ത്യയുടെ ഏതു ഭാഗത്തും ഉള്ള സിവിൽ കോടതികൾ പാസ്സാക്കുന്നതും അയയ്ക്കുന്നതുമായ അന്തിമ വിധികളും കല്പനകളും പ്രാവർത്തികമാക്കുവാനും നിയമപ്രകാരം വ്യവസ്ഥയുണ്ട്.

## നദികളെ സംബന്ധിച്ച തർക്കങ്ങൾ.

*262. സംസ്ഥാനാന്തര നദികളെയും നദീതടങ്ങളെയും സംബന്ധിക്കുന്ന തർക്കങ്ങളിൽ വിധി പറയൽ*

ചോ: സംസ്ഥാനാന്തര നദീജലത്തിന്റെ നിയന്ത്രണത്തെയും വിതരണത്തെയും ഉപയോഗത്തെയും സംബന്ധിച്ച കാര്യങ്ങളിൽ തർക്കമോ പരാതിയോ ഉണ്ടായാൽ അക്കാര്യത്തിൽ നിയമം മൂലം തീർപ്പു കല്പിക്കാനുള്ള സൗകര്യം നൽ

കുന്നത് ആരാണ്?

ഉ: ഈ ലക്ഷ്യത്തിന് വേണ്ടി നിയമം രൂപീകരിക്കുവാനുള്ള അധികാരം പാർലമെന്റിനാണ്.

ചോ: ഇത്തരം തർക്കങ്ങളിലും പരാതികളിൻമേലും സുപ്രീം കോടതിയും മററു കോടതികളും അവയുടെ അധികാര പരിധി ഉപയോഗിക്കരുതെന്നും പാർലമെന്റ് വ്യവസ്ഥ ചെയ്തിട്ടുണ്ടോ?

ഉ: ഉവ്വ്.

## സംസ്ഥാനങ്ങൾക്കിടയിലുള്ള ഏകോപനം

### *263. സംസ്ഥാനാന്തരസമിതിയോഗത്തെക്കുറിച്ചുള്ള നടപടി.*

ചോ: സംസ്ഥാനങ്ങൾ തമ്മിലോ യൂണിയനും സംസ്ഥാനങ്ങളും തമ്മിലോ, നയത്തിലും പ്രവർത്തനത്തിലും ഉള്ള ബന്ധം സുഖകരമാക്കുന്നതിനും അത്തരം ആവശ്യം നേരിടുമ്പോൾ ഒരു സംസ്ഥാനാന്തര സമിതിയെ നിയമിക്കുന്നതിനും ഭരണഘടന രാഷ്ട്രപതിയെ ചുമതലപ്പെടുത്തിയിരിക്കുന്നത് നിയമപരമാണോ?

ഉ: അതെ.

ചോ: എപ്പോഴാണ് രാഷ്ട്രപതി അങ്ങനെയൊരു സമിതി ആവിഷ്കരിക്കുന്നത്?

ഉ: ഈ സമിതിയിൽ പൊതു താല്പര്യങ്ങൾക്കുവേണ്ടി പ്രയോജനപ്പെടുമെന്ന് രാഷ്ട്രപതിക്ക് തോന്നുമ്പോഴാണ് ഇത് ആവിഷ്കരിക്കുന്നത്.

ചോ: സംസ്ഥാനാന്തര സമിതിയുടെ ചുമതലകൾ

എന്തെല്ലാം?

ഉ: കടമകൾ.

a) സംസ്ഥാനങ്ങൾ തമ്മിലുള്ള തർക്കങ്ങളെപ്പറ്റി അന്വേഷിക്കുകയും ഉപദേശങ്ങൾ നൽകുകയും ചെയ്യുക.

b) സംസ്ഥാനങ്ങൾ തമ്മിലോ യൂണിയനും സംസ്ഥാനങ്ങളും ചേർന്നോ ഉള്ള പൊതു താല്പര്യങ്ങളെപ്പറ്റി അന്വേഷിക്കുകയും ചർച്ച ചെയ്യുകയും ചെയ്യുക.

c) ഈ വിഷയങ്ങളെ സംബന്ധിച്ച ശുപാർശകൾ സമർപ്പിക്കുകയും ഇവയെ സംബന്ധിക്കുന്ന നയത്തെയും പ്രവർത്തനത്തെയും യോജിപ്പിച്ചുകൊണ്ടു പോകുന്നതിനു വേണ്ടി ശുപാർശകൾ വയ്ക്കുകയും ചെയ്യുക.

## ഭാഗം 12

## അദ്ധ്യായം 1 സ്വത്തിലുള്ള അവകാശം

***300A. സ്വത്ത് അപഹരിക്കപ്പെടാത്ത വ്യക്തികൾ നിയമ ആധികാരികമായിൽ രക്ഷിക്കപ്പെടുന്നു.***

**ചോ: ഒരു വ്യക്തിക്ക് തന്റെ സ്വത്ത് അപഹരിക്കാമോ?**

ഉ: ഒരു വ്യക്തിക്കും തന്റെ സ്വത്ത് അപഹരിക്കപ്പെടാവു അല്ല.

## ഭാഗം 13

## അന്തർ സംസ്ഥാന വാണിജ്യവും വ്യാപാരവും

***301. അന്തർ സംസ്ഥാന വ്യാപാരത്തിനും വാണിജ്യത്തിനുമുള്ള സ്വാതന്ത്ര്യം.***

**ചോ: ഇന്ത്യയിൽ വാണിജ്യവും വ്യാപാരവും**

സ്വതന്ത്രമാണോ?

ഉ: ഉവ്വ്.

## 302. വ്യാപാരത്തിലും വാണിജ്യത്തിലുമുള്ള നിയന്ത്രണങ്ങൾ നടപ്പിലാക്കുന്നതിനുള്ള പാർലമെന്റിന്റെ അധികാരം

ചോ: വ്യാപാരത്തിലും വാണിജ്യത്തിലും നിയന്ത്രണങ്ങൾ നടപ്പിലാക്കാൻ പാർലമെന്റിന് സാധിക്കുമോ?

ഉ: ഉവ്വ്. ഇന്ത്യയുടെ ഏത് ഭാഗത്തും സംസ്ഥാനങ്ങൾക്കിടയിലുമുള്ള വ്യാപാരത്തിലും വാണിജ്യത്തിലും പാർലമെന്റിന് നിയന്ത്രണം ചെലുത്താവുന്നതാണ്.

ചോ: ഏത് അവസ്ഥയെ പരിഗണിച്ചാണ് ഇങ്ങനെയൊരു നിയന്ത്രണം നടത്താൻ സാധിക്കുന്നത്?

ഉ: പൊതുതാല്പര്യത്തെ പരിഗണിച്ച് ആണ് ഇത് സാധിക്കുന്നത്.

## 303. വാണിജ്യത്തെയും വ്യാപാരത്തെയും കുറിച്ച് കേന്ദ്രത്തിന്റെയും സംസ്ഥാനത്തിന്റെയും നിയമ നിർമ്മാണാധികാരത്തിലുള്ള നിയന്ത്രണം.

ചോ: ഒരു പാർലമെന്റിനോ, സംസ്ഥാന നിയമസഭയ്ക്കോ ഒരു സംസ്ഥാനത്തിന് മറ്റൊരു സംസ്ഥാനത്തിന്റെ മേലുള്ള ആധിപത്യം നല്കി കൊണ്ട് നിയമം നിർമ്മിക്കുവാനോ, 7–ാം പട്ടികയിലെ ഏതെങ്കിലും ഒരു ലിസ്റ്റിലെ വ്യാപാരത്തിന്റെയോ, വാണിജ്യത്തിന്റെയോ, വെളിച്ചത്തിൽ ഒരു സംസ്ഥാനത്തിനെ മറ്റൊന്നിൽ നിന്നും വിവേചനം

ചെയ്ത് കാണിക്കുവാനോ, സാധിക്കുമോ?

ഉ: ഇല്ല

ചോ: ഒരു സംസ്ഥാനത്തിന് മറ്റൊന്നിന്റെ മേലുള്ള ആധിപത്യം നല്കുന്നതിനോ, വിവേചനം കാണിക്കുന്നതിനോ സംബന്ധിച്ച് നിയമം നിർമ്മിക്കുന്നതിൽ നിന്നും എന്തിനെങ്കിലും പാർലമെന്റിനെ തടയാമോ?

ഉ: ഇല്ല

## *304. രാജ്യാന്തര വ്യാപാര വാണിജ്യങ്ങളിൽ പിഴ നിയന്ത്രണം.*

ചോ: ഒരു സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന ഏതെങ്കിലും സാധനത്തിന്, മറ്റൊരു സംസ്ഥാനത്തുനിന്നും വരുന്ന അതേ സാധനത്തിന് നികുതി ചുമത്താമോ?

ഉ: ഉവ്വ്, ഒരു സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന ഏതെങ്കിലും സാധനത്തിന് ആ സംസ്ഥാനത്തെ സർ നികുതി ചുമത്തുന്നുവെങ്കിൽ മറ്റൊരു സംസ്ഥാനത്തുനിന്നും വരുന്ന അതേസാധനത്തിന് നികുതി ചുമത്താവുന്നതാണ്.

ചോ: സംസ്ഥാനത്തിനകത്ത് വാണിജ്യ വ്യാപാര സ്വാതന്ത്ര്യത്തിൽമേൽ ഉചിതമായ നിയന്ത്രണം ഏർപ്പെടുത്തുവാൻ നിയമസഭയ്ക്ക് അധികാരമുണ്ടോ?

ഉ: സംസ്ഥാനത്തിനകത്ത് പൊതു താല്പര്യത്തെ ഉദ്ദേശിച്ച് വ്യാപാര വാണിജ്യ സ്വാതന്ത്ര്യത്തിന്മേൽ ഉചിതമായ നിയന്ത്രണം ഏർപ്പെടുത്തുവാൻ നിയമസഭയ്ക്ക് അധികാരമുണ്ട്.

ചോ: അത്തരം നിയന്ത്രണങ്ങളേർപ്പെടുത്തുവാനായി സംസ്ഥാന സഭയിൽ ഏതെങ്കിലും ബില്ലുവത

ധിപ്പിക്കുവാൻ മുൻ കൂട്ടിയുള്ള രാഷ്ട്രപതിയുടെ അനുവാദം ഇല്ലാതെ സാധിക്കുമോ?

ഉ: ഇല്ല.

**305. ഭരണഘടന ഉത്ഘാടനം ചെയ്തപ്പോൾ നിലവിലിരുന്ന എല്ലാ നികുതി നിയമങ്ങൾക്കും സംരക്ഷണം നൽകിയിരിക്കുന്നു.**

ചോ: 301 ഉം 303 ഉം വകുപ്പുകളിലെ നടപടികൾ ഏതെങ്കിലും നിലവിലിരിക്കുന്ന നിയമങ്ങളുമായി ഫലവത്താകുമോ?

ഉ: രാഷ്ട്രപതി നിർദ്ദേശിക്കുന്ന കല്പന വഴികെ അവ നിലവിലിരിക്കുന്ന നിയമങ്ങളുമായി ഫലവത്താകുന്നില്ല.

**307. 301 മുതൽ 304 വരെയുള്ള വകുപ്പുകളുടെ ലക്ഷ്യങ്ങളെ നടപ്പിലാക്കുവാൻ യോജിച്ചൊരു അധികാരിയെ നിയമിക്കൽ**

ചോ: ഈ വകുപ്പിൽ പാർലമെന്റിന്, 301 മുതൽ304വരെയുള്ള വകുപ്പുകളുടെ ലക്ഷ്യങ്ങളെ നടപ്പിലാക്കുവാൻ യോജിച്ച ഒരു അധികാരിയെ നിയമിക്കുവാനും പാർലമെന്റ് അനുശാസിക്കുന്നത്ര അധികാരങ്ങളും ചുമതലകളും ഈ അധികാരിക്ക് നല്കുവാനും ആവശ്യമുണ്ടോ?

ഉ: ഉണ്ട്.

## ഭാഗം 14. ട്രിബ്യൂണലുകൾ

**323 A. അഡ്മിനിസ്ട്രേറ്റിവ് ട്രിബ്യൂണലുകൾ.**

ചോ: അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലുകളുടെ വിചാരണയ്ക്കോ, വിധിപറയലിനോ വേണ്ടി പാർലമെന്റിന് നിയമങ്ങൾ നൽകാമോ?

ഉ: ഉവ്വ്.

ചോ: എന്തെല്ലാം കാര്യങ്ങളാണ് ഈ ട്രിബ്യൂണലുകൾ വഴി വിധി പറയുന്നത്?

ഉ: പബ്ലിക് സർവ്വീസിലേക്കും, യൂണിയൻ പ്രവർത്തനങ്ങളും, സംസ്ഥാനപ്രവർത്തനങ്ങളും ഒക്കെകാര്യം ചെയ്യുന്ന പോസ്റ്റുകളിലേയോ, ഇന്ത്യയിലെ ഏതെങ്കിലും അതോറിറ്റികളിലെയും, ഗവൺമെന്റിനാൽ നിയന്ത്രിക്കപ്പെടുന്നതും ഉടമസ്ഥാവകാശവുമായ ഏതെങ്കിലുംകോർപ്പറേഷനിലേക്കും, വേണ്ടി നിയമിക്കപ്പെട്ട വ്യക്തികളുടെ സർവ്വീസിന്റെ വ്യവസ്ഥകളെ കുറിച്ചുള്ള പരാതികളും തർക്കങ്ങളുമാണ് ഇവവഴി വിധിപറയുന്നത്.

ചോ: 323 A.-ാം വകുപ്പുവഴി എന്തെല്ലാം, നിയമങ്ങളാണ് ഉൾപ്പെടുത്തുന്നത്?

ഉ: ഈ വകുപ്പുകൾ:-

a) എല്ലാ സംസ്ഥാനങ്ങൾക്കോ, രണ്ടോ അതിലധികമോ സംസ്ഥാനങ്ങൾക്കോ, വേണ്ടിയുള്ള വ്യത്യസ്തമായ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ രൂപീകരണത്തിനു വേണ്ടിയും, യൂണിയനു വേണ്ടിയുള്ള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ രൂപീകരണത്തിനു വേണ്ടിയും നിയമങ്ങൾ നൽകുക.

b) മുകളിൽ പറഞ്ഞതായ ഓരോ ട്രിബ്യൂണലുകളും പ്രവർത്തിച്ചുവരുന്നതായ അതോറിറ്റിയും, അധികാരങ്ങളും (അടം താഴ്ത്തുന്നതിനു വേണ്ടിയുള്ള ശിക്ഷയ്ക്കുള്ള അധികാരവും ഉൾപ്പെടും) നിയമപരിധിയും പ്രതിപാദിക്കുന്നു.

c) ട്രിബ്യൂണലുകൾക്ക് പിൻതുടരേണ്ടതായ നടപടികൾ നൽകുക.

d) 136-ാം വകുപ്പ് അനുസരിച്ച് സുപ്രീംകോടതിയുടെ

ഇതിലേയ്ക്ക് പ്രതിപാദിച്ചിരിക്കുന്നതായ പരാതികളേയും തർക്കങ്ങളെയും കുറിച്ചുള്ള നിയമപരിധികളൊഴികെ മറ്റെല്ലാ കോടതിയുടെയും നിയമ പരിധി പുറന്തള്ളുന്നു.

e) ഓരോ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലുകളുടെയും തീർപ്പിനു വേണ്ടി, അല്ലെങ്കിൽ ഏതെങ്കിലും കോടതി മുമ്പാകെ നിലവിലിരിക്കുന്ന ഏതെങ്കിലും കേസിനുവേണ്ടി അല്ലെങ്കിൽ ട്രിബ്യൂണലുകളുടെ പെട്ടെന്നുണ്ടായ ആവിർഭാവത്തിനു മുമ്പുള്ള മാറ്റ് അതുപോലാക്കുക എന്നിവയും ഈ വകുപ്പ് നിയമങ്ങൾ നൽകുന്നു.

f) 371 D വകുപ്പിലെ 3-ാം ഖണ്ഡ പ്രകാരം രാഷ്ട്രപതിയാൽ നിർമ്മിതമായ ഏതെങ്കിലും ഒരു കല്പന റദ്ദുചെയ്യുകയോ, ഭേദഗതി ചെയ്യുകയോ ചെയ്യുന്നു.

## 323 B മറ്റുള്ള വസ്തുതകൾക്കു വേണ്ടിയുള്ള ട്രിബ്യൂണലുകൾ:-

ചോ: ഒരു നിയമനിർമ്മാണസഭാ നിയമങ്ങൾക്ക് ട്രിബ്യൂണലുകൾവഴിഏതെങ്കിലും തർക്കങ്ങളോ പരാതികളോ ആ നിയമനിർമ്മാണസഭയ്ക്ക് നിർമ്മിക്കാൻ അധികാരപ്പെട്ടതായ നിയമങ്ങളെസംബന്ധിക്കുന്നവസ്തുതകളെകുറിച്ചുള്ളകുറ്റങ്ങളോ, വിധിപറയാനോ, വിചാരണ നടത്തുവാനോ സാധിക്കുമോ?

ഉ: ഉവ്വ്.

ചോ: നിയമ നിർമ്മാണ സഭയ്ക്ക് നിർമ്മിക്കുവാൻ അധികാരപ്പെട്ടതായ നിയമങ്ങളെ കുറിച്ച് പ്രതിപാദിക്കുന്നതായ വസ്തുതകൾ ഏതെല്ലാം?

ഉ: a] ഏതെങ്കിലും നികുതിയുടെ പ്രാബല്യത്തെയും, പിരിച്ചെടുക്കലിനെയും, ശേഖരണത്തെയും ലെവിയെയും കുറിച്ചുള്ള വസ്തുതകൾ.

b] വിദേശ കൈമാററം, കസ്ററംസുകൾക്കിടയിലുള്ള കയററുമതിയും ഇറക്കുമതിയും.

c) തൊഴിൽപരമായും വ്യവസായപരവുമായ തർക്കങ്ങൾ

d) 31 A വകുപ്പു് പ്രകാരം എസ്റ്റേററുകളും മററും സമ്പാദിക്കുന്നതിനും സ്വായത്തമാക്കുന്നതിനും വേണ്ടിയുള്ള നിയമം അല്ലെങ്കിൽ അവയുടെ ഏതെങ്കിലും അവകാശങ്ങൾ അല്ലെങ്കിൽ ആ അവകാശങ്ങളുടെ കൈവെടിയലോ, ഭേദിപിടിപ്പിക്കലോ, അല്ലെങ്കിൽ കൃഷി ഭൂമിയുടെ പരിധി നിർണ്ണയമോ.

e) നാഗരിക സമ്പത്തിനെ തൊട്ട് തിരിക്കൽ അഥവാ പരിധി നിർണയപ്പെടുത്തൽ.

f) പാർലമെൻറിലെ ഇരുസഭകളുടെയും അഥവാ സംസ്ഥാന നിയമ സഭയിലെ സഭയുടെ അഥവാ ഇരുസഭകളുടെയും, തിരഞ്ഞെടുപ്പ്. എന്നാൽ 329ഉം 329A ഉം വകുപ്പിൽ പ്രതിപാദിച്ചതായ വസ്തുതകൾ ഉൾപ്പെടുത്താൻ പാടുള്ളതല്ല.

g] രാഷ്ട്രപതി, പൊതു വിജ്ഞാപനം വഴിയായി ഈ വകുപ്പിൻെറ ലക്ഷ്യത്തിനു വേണ്ടി അത്യാവശ്യ സാധനമാണെന്നും ഈ സാധനങ്ങളുടെ വില നിയന്ത്രണപ്പെടുത്തണമെന്നും പ്രഖ്യാപിക്കുന്നതു പ്രകാരം ആ സാധനങ്ങളുടെയും ഭക്ഷ്യ വസ്തുക്കളുടെയും വിതരണവും, നിർമ്മാണവും, വളർച്ചയും.

h] a മുതൽ g വരെ വിവരിച്ചതായ ഏതെങ്കിലും വസ്തുതകൾക്ക് എതിരായ കുററ നിയമങ്ങളും, ഈ വസ്തുതകളെ കുറിച്ചുള്ള വേതനവും.

i) a മുതൽ h വരെയുള്ള ഏതെങ്കിലും കാര്യങ്ങൾക്ക് അത്യാവശ്യമായ കാര്യങ്ങൾ.

ചോ: **ഈ വകുപ്പ് പ്രകാരം എന്ത് നിയമങ്ങളാണ് നിർമ്മിക്കപ്പെടാൻ സാധിക്കുന്നത്?**

ഉ: ഈ വകുപ്പനുസരിച്ച് നിയമങ്ങൾ നിർമ്മിക്കാൻ സാ

ധിക്കുന്നത്.

a) ട്രിബ്യൂണലുകളുടെ ആവിർഭാവത്തിനു വേണ്ടി നിയമങ്ങൾ നൽകുക.

b) ഓരോ ട്രിബ്യൂണലുകളും പ്രവർത്തിച്ചുവരുന്നതായ അതോറിററിയും അധികാരങ്ങളും നിയമപരിധിയും പ്രതിപാദിക്കുന്നു.

c) ട്രിബ്യൂണലുകൾക്ക് പിന്തുടരേണ്ടുന്നതായ നടപടികൾ നല്കുക.

d) 136-ാം വകുപ്പനുസരിച്ച് സുപ്രീം കോടതിയുടെ ഇതിലേക്ക് പ്രതിപാദിച്ചിരിക്കുന്നതായ പരാതികളെയും തർക്കങ്ങളെയും കുറിച്ചുള്ള നിയമപരിധികളൊഴികെ മറെറല്ലാം കോടതിയുടെയും നിയമപരിധികൾ പുറന്തള്ളുന്നു.

e) ഓരോ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലുകളുടെയും കൈമാററത്തിനുവേണ്ടി അല്ലെങ്കിൽ ഏതെങ്കിലും കോടതി മുമ്പാകെ നിലവിലിരിക്കുന്ന ഏതെങ്കിലും കേസിനു വേണ്ടി അല്ലെങ്കിൽ ട്രിബ്യൂണലുകളുടെ പെട്ടന്നുള്ള ആവിർഭാവത്തിനു മുമ്പുള്ള മററ് അതോറിററിക്കുവേണ്ടിയും ഈ വകുപ്പു നിയമങ്ങൾ നൽകുന്നു.

## ഭാഗം: 15 തിരഞ്ഞെടുപ്പുകൾ.

### 324. തിരഞ്ഞെടുപ്പ് കമ്മീഷനിൽ നിക്ഷിപ്തമായിരിക്കുന്നതായ തിരഞ്ഞെടുപ്പിനെ കുറിച്ചുള്ള നിയന്ത്രണവും, നിർദ്ദേശവും, അവലോകനവും.

**ചോ: തിരഞ്ഞെടുപ്പ് കമ്മീഷനിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരങ്ങൾ എന്തെല്ലാം?**

ഉ: രാഷ്ട്രപതിയുടെയും ഉപരാഷ്ട്രപതിയുടെയും തിരഞ്ഞെടുപ്പും കാലാവധിയും പാർലമെന്റിലെ ഇരുസഭകളുടെയും സംസ്ഥാന നിയമസഭകളുടെയും രൂപീകരണവും തിരഞ്ഞെടുപ്പും ഈ തിരഞ്ഞെടുപ്പ് നിയന്ത്രണ

നിർമ്മാണവും അവലോകനവും.

**ചോ: തിരഞ്ഞെടുപ്പ് കമ്മീഷനിൽ എന്താണ് ഉൾക്കൊള്ളുന്നത്?**

ഉ: ചീഫ് തിരഞ്ഞെടുപ്പ് കമ്മീഷണറും അതാതു സമയങ്ങളിൽ രാഷ്ട്രപതി നിശ്ചയിക്കുന്ന തിരഞ്ഞെടുപ്പ് കമ്മീഷണർമാരും ഉൾപ്പെടുന്നു.

**ചോ: തിരഞ്ഞെടുപ്പ് കമ്മീഷ്ണറെ തിരഞ്ഞെടുക്കുന്നതിനുള്ള അധികാരം ആർക്കാണ്?**

ഉ: രാഷ്ട്രപതിക്കാണ്.

**ചോ: എപ്പോഴാണ് ചീഫ് ഇലക്ഷൻ കമ്മീഷണർ തിരഞ്ഞെടുപ്പ് കമ്മീഷന്റെ ചെയർമാനായി പ്രവർത്തിക്കുന്നത്?**

ഉ: രാഷ്ട്രപതിയാൽ ഏതെങ്കിലും ഒരു തിരഞ്ഞെടുപ്പ് കമ്മീഷണറെ നിയോഗിക്കുമ്പോൾ ചീഫ് ഇലക്ഷൻ കമ്മീഷണർ തിരഞ്ഞെടുപ്പ് കമ്മീഷന്റെ ചെയർമാനായി പ്രവർത്തിക്കുന്നു.

**ചോ: തിരഞ്ഞെടുപ്പ് കമ്മീഷനെസഹായിക്കാനായി റീജനൽ കമ്മീഷണറെ നിയമിക്കാൻ രാഷ്ട്രപതിക്ക് സാധിക്കുമോ?**

ഉ: ഉണ്ട്.

**ചോ: എപ്പോഴാണ് ഇത് സാധ്യമാകുന്നത്?**

ഉ: സഭയിലെ അംഗങ്ങളുടെയും എല്ലാ സംസ്ഥാനങ്ങളിലെ നിയമനിർമ്മാണ സഭയിലെയും പൊതു തിരഞ്ഞെടുപ്പിന് മുമ്പും ആദ്യപൊതു തിരഞ്ഞെടുപ്പിന് ശേഷമായി, എല്ലാ സംസ്ഥാനങ്ങളിലെ നിയമനിർമ്മാണസഭയിലെ തിരഞ്ഞെടുപ്പിന് മുമ്പും തിരഞ്ഞെടുപ്പ് കമ്മീഷണറുമായി ചർച്ചചെയ്ത് രാഷ്ട്രപതിക്ക് തിരഞ്ഞെടുപ്പ് സഹായിക്കാൻ ആവശ്യമു

ത്യമായി പരിഗണിക്കപ്പെടുകയാണെങ്കിൽ റീജണൽ കമ്മീഷണറെ നിയമിക്കാവുന്നതാണ്.

ചോ: **ഇലക്ഷൻ കമ്മീഷണറുടെയും, റീജനൽ കമ്മീഷണറുടെയും, ഔദ്യോഗിക കാലാവധിയും, സർവ്വീസ് വ്യവസ്ഥകളും ആധികാരികമായി നിശ്ചയിക്കുന്നത് ആരാണ്?**

ഉ: രാഷ്ട്രപതി.

ചോ: **ചീഫ് ഇലക്ഷൻ കമ്മീഷണറെ തന്റെ പദവിയിൽ നിന്നും ഒഴിവാക്കാൻ ചുമതലപ്പെട്ടിരിക്കുന്നത് ആരാണ്?**

ഉ: രാഷ്ട്രപതിക്ക് മാത്രമാണ് ചീഫ് ഇലക്ഷൻ കമ്മീഷണറെ ഒഴിവാക്കാൻ സാധിക്കുന്നത്.

ചോ: **ഇതിന് പിന്തുടരേണ്ടതായ നടപടിയെന്താണ്?**

ഉ: സുപ്രീം കോടതി ജഡ്ജിയെ പിരിച്ചുവിടുന്നതിന് പിന്തുടരേണ്ടുന്നതായ നടപടിയാണ് ഇതിനും പിന്തുടരുന്നത്.

ചോ: **ചീഫ് ഇലക്ഷൻ കമ്മീഷണറുടെ സർവ്വീസ് വ്യവസ്ഥകൾ ഉദ്യോഗത്തിന്റെ നിയമനത്തിന് ശേഷം മാററാൻ സാധിക്കുമോ?**

ഉ: ഇല്ല.

ചോ: **ഇലക്ഷൻ കമ്മീഷണറെയോ, റീജനൽ കമ്മീഷണറെയോ തന്റെ പദവിയിൽ നിന്നും പിരിച്ചു വിടാനാവുമോ?**

ഉ: ചീഫ് ഇലക്ഷൻ കമ്മീഷണറുടെ പിന്തുണ ഇല്ലാതെ അവരെ തന്റെ പദവിയിൽ നിന്നും പിരിച്ചുവിടാനാവുന്നതല്ല.

ചോ: ഇലക്ഷൻ കമ്മീഷന്റെ അപേക്ഷയാൽ ഒരു രാഷ്ട്രപതിക്കോ ഗവർണർക്കോ അവരുടെ പ്രവർത്തനങ്ങൾക്ക് വേണ്ടി ഇലക്ഷൻ കമ്മീഷനെയോ, റീജനൽ കമ്മീഷനെയോ നിയോഗിക്കാമോ?

ഉ: ഉവ്വ്.

*325.* *സ്ത്രീപുരുഷ ഭേദമോ, ജാതി- മത- വർഗ്ഗ വ്യത്യാസങ്ങളോ കൂടാതെ തിരഞ്ഞെടുപ്പിനു വേണ്ടിയുള്ള ഓരോ പ്രാദേശികമണ്ഡലത്തെയും ഒരു പൊതുതെരഞ്ഞെടുപ്പ് പട്ടികയിൽ പെടുത്തുന്നു.*

ചോ: എത്ര തെരഞ്ഞെടുപ്പ് പട്ടികയാണ് ഓരോ പ്രാദേശിക സമുദായങ്ങൾക്കും ഉള്ളത്?

ഉ: ഒരു പൊതു തെരഞ്ഞെടുപ്പ് പട്ടികയാണ് പാർലമെന്റിലെ ഇരുസഭകൾക്കുമുള്ളത്.

*326.* *പ്രായപൂർത്തിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിലെ നിയമനിർമ്മാണ സഭയിലെയും സഭയിലെ അംഗങ്ങളുടെയും തിരഞ്ഞെടുപ്പ്*

ചോ: എന്തിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്തിലെ നിയമ നിർമ്മാണ സഭയും സഭയിലെയും അംഗങ്ങളുടെയും തെരഞ്ഞെടുപ്പ് നടത്തുന്നത്?

ഉ: പ്രായപൂർത്തിയുടെ അടിസ്ഥാനത്തിലാണ് ഈ തെരഞ്ഞെടുപ്പ് സാധ്യമാകുന്നത്.

ചോ: ഒരു വോട്ടർ ആയി അവകാശപ്പെടാൻ രജിസ്റ്റർ ചെയ്യപ്പെടുന്നത് ആരാണ്?

ഉ: ഒരു പ്രത്യേക തീയതിയിൽ ഏതൊരു ഇന്ത്യൻ പൗര

നും 18 വയസ്സ് തികഞ്ഞിരിക്കണം, അതുപോലെ തന്നെ താഴെ പറയുന്ന കാരണങ്ങളാൽ അയോഗ്യനാകുകയും ചെയ്യുന്നു:-

a) ഇന്ത്യയിൽ താമസിക്കാതിരിക്കുക;

b) ബുദ്ധി സ്ഥിരതയില്ലാതിരിക്കുക,

c) ക്രിമിനൽ കേസുകളിലുൾപ്പെടുക,

d) അഴിമതിയോ നിയമ രഹിത പ്രവർത്തനങ്ങളിലോ, ഏർപ്പെടുക,

**327 പാർലമെൻറിന് സംസ്ഥാന നിയമ സഭകളിലെ എല്ലാ തെരഞ്ഞെടുപ്പുകളിലും നിയമം നിർമ്മിക്കുവാനുള്ള പരമാധികാരമുണ്ട്.**

ചോ: തെരഞ്ഞെടുപ്പുകളിൽ നിയമം നിർമ്മിക്കാനുള്ള പാർലമെൻറിന്റെ അധികാരം ആർക്കാണ്?

ഉ: പാർലമെൻറിന് പാർലമെൻറിലെ ഇരു സഭകളെയും സംബന്ധിക്കുന്നതും, സംസ്ഥാന നിയമ സഭയിലെ സഭകളെയും തെരഞ്ഞെടുപ്പ് പട്ടികയിലെ തയ്യാറാക്കലിനെയും സഭകളിലെ മണ്ഡലങ്ങളെ സുരക്ഷിതത്വത്തിന് ആവശ്യമായ കാര്യങ്ങളുൾപ്പെടെ എല്ലാ തെരഞ്ഞെടുപ്പുകളിലും നിയമം നിർമ്മിക്കാനുള്ള അധികാരമുണ്ട്.

**328. നിയമനിർമ്മാണ സഭയിലെ എല്ലാ തെരഞ്ഞെടുപ്പിനെക്കുറിച്ചും നിയമ നടപടികൾ നിർമ്മിക്കുന്നതിനുള്ള സംസ്ഥാന നിയമ നിർമ്മാണ സഭയുടെ അധികാരം.**

ചോ: നിയമ നിർമ്മാണ സഭയിലെ എല്ലാ തെരഞ്ഞെടുപ്പിനെക്കുറിച്ചും നിയമനടപടികൾ നിർമ്മിക്കുന്നതിൽ സംസ്ഥാന നിയമനിർമ്മാണ സഭയുടെ അധികാരം എന്താണ്?

ഉ: 327-ാം വകുപ്പിൽ വിവരിച്ചതുപോലെ പാർലമെന്റിന് അധികാരപ്പെടുത്തിയ നിയമനിർമ്മാണങ്ങൾ ഒഴികെ ബാക്കി എല്ലാ ആവശ്യ തിരഞ്ഞെടുപ്പ് സംബന്ധവും സംസ്ഥാന നിയമ നിർമ്മാണ സഭയ്ക്ക് അധികാരമുണ്ട്.

## 329. തെരഞ്ഞെടുപ്പ് കാര്യങ്ങളിൽ കോടതിയുടെ ഇടപെടലിനുള്ള വിലക്ക്.

ചോ: കോടതിക്ക് തെരഞ്ഞെടുപ്പ് കാര്യങ്ങളിൽ ഇടപെടാൻ സാധിക്കുമോ?

ഉ: 327ഉം 328ഉം വകുപ്പിൽ വിവരിച്ചതായ നിയമനിർമ്മാണ നടപടികൾ ഒരു കോടതിയിലും ചോദ്യം ചെയ്യപ്പെടാൻ സാധ്യമല്ല.

ചോ: പാർലമെന്റിലെ ഇരുസഭകളുടെയും അല്ലെങ്കിൽ സംസ്ഥാനത്തിലെ നിയമ നിർമ്മാണ സഭയിലെയും തെരഞ്ഞെടുപ്പുകൾ വെല്ലുവിളിക്കാനാവുമോ?

ഉ: ഒരു തെരഞ്ഞെടുപ്പ് അപേക്ഷ അതിന്റെ അതോറിറ്റിയുടെ മുമ്പാകെ സമർപ്പിക്കപ്പെട്ടോ, നിയമ നിർമ്മാണസഭ വഴിയുള്ള നിയമങ്ങൾ വിവരിച്ച രീതിയിലോ അല്ലാതെ പാർലമെന്റിലോ ഇരുസഭകളുടെയോ സംസ്ഥാനനിയമ നിർമ്മാണ സഭയുടെയോ തെരഞ്ഞെടുപ്പ് വെല്ലുവിളിക്കാനാവുന്നതല്ല.

# ഭാഗം 16. ചില വിഭാഗങ്ങളെ സംബന്ധിക്കുന്ന പ്രത്യേക വ്യവസ്ഥകൾ

## 330. പട്ടിക ജാതിക്കാർക്കും, പട്ടികവർഗ്ഗക്കാർക്കുമുള്ള ലോകസഭയിലെ ഏതാനും സ്ഥാനങ്ങളുടെ സംവരണം:-

ചോ: ലോകസഭയിൽ ഈ സീറ്റുകൾ ആർക്കാണ് സംവരണം ചെയ്യപ്പെട്ടിട്ടുള്ളത്?

ഉ: ലോകസഭയിൽ സീറ്റുകൾ സംവരണം ചെയ്യപ്പെടുന്നത് —

a) പട്ടിക ജാതിക്കാർക്കും.

b) ആസ്സാമിലെ സ്വയം ഭരണ ജില്ലയിലെ പട്ടികവർഗ്ഗത്തിൽ ഉൾപ്പെടാത്ത പട്ടികവർഗ്ഗക്കാർക്കും.

c) ആസ്സാമിലെ സ്വയം ഭരണ ജില്ലയിലെ പട്ടികവർഗ്ഗക്കാർക്കും

**ചോ: പട്ടിക ജാതിക്കാർക്കും പട്ടിക വർഗ്ഗക്കാർക്കും വേണ്ടി ഏതെങ്കിലും ഒരു സംസ്ഥാനത്തിലോ, കേന്ദ്രഭരണ പ്രദേശങ്ങളിലോ സീറ്റുകളുടെ എണ്ണം സംവരണം ചെയ്യപ്പെട്ടിരിക്കുന്നത് എന്ത് അടിസ്ഥാനത്തിലാണ്?**

ഉ: ഒരു സംസ്ഥാനത്തിലെയോ, കേന്ദ്രഭരണ പ്രദേശത്തിലെയോ പട്ടികജാതിക്കാരുടെയും പട്ടികവർഗക്കാരുടെയും ജനസംഖ്യയുടെ അടിസ്ഥാനത്തിലാണ് അവ സംവരണം ചെയ്യപ്പെട്ടിരിക്കുന്നത്.

**ചോ: ആസ്സാമിലെ സ്വയംഭരണ ജില്ലയിലെ പട്ടിക വർഗ്ഗത്തിനു വേണ്ടി ലോകസഭയിൽ എത്ര സീറ്റുകളാണ് സംവരണം ചെയ്യപ്പെട്ടിട്ടുള്ളത്?**

ഉ: സംസ്ഥാനത്തിലേക്ക് അനുവദിച്ചിരിക്കുന്നതായ ആകെ അംഗങ്ങളുടെ അനുപാതം സ്വയംഭരണ ജില്ലയിലെ പട്ടികവർഗ്ഗത്തിന്റെ ജനസംഖ്യയുടെ അനുപാതവുമായി കുറയാൻ പാടില്ല.

**ചോ: 332–ാം വകുപ്പിലും ഈ വകുപ്പിലുമുള്ള "ജനസംഖ്യ" എന്ന പദത്തിന്റെ അർത്ഥം എന്താണ്?**

ഉ: 1971 ലെ കാനേഷുമാരിയിലെ കണക്കനുസരിച്ചാണ് 'ജനസംഖ്യ' എന്ന പദത്തിന്റെ അർത്ഥം കണക്കാക്കപ്പെട്ടിട്ടുള്ളത്.

### 331. ലോകസഭയിൽ ആംഗ്ലോ ഇന്ത്യക്കാരുടെ പ്രാതിനിധ്യം.

ചോ: ആംഗ്ലോ–ഇന്ത്യക്കാരെ ലോകസഭയിലേക്ക് നാമനിർദ്ദേശം ചെയ്യാൻ രാഷ്ട്രപതിക്ക് അധികാരമുണ്ടോ?

ഉ: ഉവ്വ്. സഭയിൽ ആ സമുദായത്തിന് വേണ്ടത്ര പ്രാതിനിധ്യം വന്നിട്ടില്ലെന്ന് രാഷ്ട്രപതിക്ക് ബോധ്യം വന്നാൽ മാത്രമേ ഇങ്ങനെ ചെയ്യാനാവൂ.

### 332. സംസ്ഥാനത്തിലെ നിയമനിർമ്മാണ സഭയിലെ പട്ടികജാതി, പട്ടികവർഗ്ഗക്കാർക്ക് വേണ്ടിയുള്ള സീററു സംവരണം

ചോ: സംസ്ഥാനത്തിലെ നിയമനിർമ്മാണ സഭയിൽ ആർക്കുവേണ്ടിയാണ് സീററുകൾ സംവരണം ചെയ്യപ്പെട്ടിരിക്കുന്നത്?

ഉ: സംസ്ഥാനത്തിലെ നിയമനിർമ്മാണ സഭയിലെ പട്ടികജാതി, പട്ടിക വർഗ്ഗക്കാർക്ക് വേണ്ടിയാണ് സീററ് സംവരണം ചെയ്യപ്പെട്ടിരിക്കുന്നത്.

ചോ: ആസ്സാമിലെ നിയമ നിർമ്മാണ സഭയിൽ സ്വയം ഭരണ ജില്ലയ്ക്കുവേണ്ടി സീററുകൾ സംവരണം ചെയ്യപ്പെടാൻ സാധിക്കുമോ?

ഉ: ഉവ്വ്

ചോ: എല്ലാ സംസ്ഥാനത്തിന്റെയും നിയമ നിർമ്മാണ സഭയിൽ പട്ടിക ജാതി, പട്ടിക വർഗ്ഗക്കാർക്ക് വേണ്ടി സീററ് സംവരണം ചെയ്യപ്പെട്ടിരിക്കുന്നത് എന്ത് അടിസ്ഥാനത്തിലാണ്?

ഉ: ആ സംസ്ഥാനത്തിലെ പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ജനസംഖ്യയുടെ അടിസ്ഥാനത്തിലാണ്.

ചോ: പട്ടിക ജാതിക്കാർക്കും, പട്ടികവർഗ്ഗക്കാർക്കും വേണ്ടി ആസ്സാമിന്റെ നിയമ നിർമ്മാണ സഭയിലെ സ്വയം ഭരണ ജില്ലയിൽ സീറ്റുകൾ സംവരണം ചെയ്യപ്പെട്ടിരിക്കുന്നത് എന്ത് അടിസ്ഥാനത്തിലാണ്?

ഉ: സംസ്ഥാനത്തിലെ മൊത്തം ജനസംഖ്യക്ക് ജില്ലയിലെ ജനസംഖ്യയിലെ സഭയിലെ സീറ്റുകളുടെ അനുപാതത്തെക്കാൾ കുറയാൻ പാടില്ല.

ചോ: ഏതെങ്കിലും ഒരു സ്വയംഭരണ ജില്ലയുടെ ഏതെങ്കിലും ഒരു നിയോജക മണ്ഡലത്തിൽ നിന്നും സംസ്ഥാനത്തിന്റെ നിയമനിർമ്മാണസഭക്കായി തിരഞ്ഞെടുപ്പിന് വേണ്ടി ആരാണ് യോഗ്യമായത്?

ഉ: ആസ്സാമിലെ ഏതെങ്കിലും സ്വയംഭരണ ജില്ലയിലെ പട്ടിക വർഗ്ഗത്തിലെ ഒരു അംഗത്തിന് മാത്രമാണ് തെരഞ്ഞെടുപ്പിന് യോഗ്യതയുള്ളത്.

## 333. സംസ്ഥാന നിയമ സഭയിലേക്ക് ആംഗ്ലോ-ഇന്ത്യക്കാരുടെ പ്രാതിനിധ്യം:-

ചോ: സംസ്ഥാന ഗവർണർക്ക് സംസ്ഥാന നിയമസഭകളിലേക്ക് ആംഗ്ലോ-ഇന്ത്യൻ അംഗങ്ങളെ നാമനിർദ്ദേശം ചെയ്യാൻ അധികാരമുണ്ടോ?

ഉ: ഉണ്ട്. നിയമ സഭയിൽ ഈ സമുദായത്തിന് വേണ്ടത്ര പ്രാതിനിധ്യം ഇല്ലെന്ന് അദ്ദേഹത്തിന് അഭിപ്രായമുണ്ടെങ്കിൽ മാത്രമേ അപ്രകാരം ചെയ്യേണ്ടതുള്ളൂ.

## 334. 50 വർഷത്തിനു ശേഷം നിർത്തുന്ന പ്രത്യേക പ്രാതിനിധ്യവും സീറ്റു സംവരണവും.

ചോ: പട്ടികജാതി, പട്ടികവർഗ്ഗ, ആംഗ്ലോ-ഇന്ത്യക്കാർക്ക് വേണ്ടിയുള്ള സീറ്റ് സംവരണം നി

ചോ: ഓരോ രണ്ടു വർഷം കഴിയുന്തോറും മുകളിലെ സർവ്വീസുകളിലെ ആംഗ്ലോ-ഇന്ത്യൻ സമുദായത്തിലെ അംഗങ്ങൾക്ക് വേണ്ടി സംവരണം ചെയ്യപ്പെട്ട ഒഴിവിന്റെ ശതമാനം എന്താണ്?

ഉ: ഓരോ രണ്ട് വർഷം കഴിയുന്തോറും ഈ സംവരണം 10% വീതം കുറഞ്ഞുവരുന്നു.

ചോ: എപ്പോഴാണ് എല്ലാ സംവരണവും ഇല്ലാതാകുന്നത്?

ഉ: എല്ലാ സംവരണവും ഇല്ലാതാകുന്നത് ഭരണഘടനയുടെ ആവിർഭാവത്തിൽ നിന്ന് പത്ത് (10) വർഷം കഴിയുമ്പോഴാണ്.

ചോ: ഇത്തരം സംവരണം ഈ വിഭാഗത്തിൽപ്പെട്ടവർക്ക് മറ്റ് സമുദായത്തിലുള്ളവരെ പോലെ യോഗ്യതയുടെ പേരിൽ ഗവൺമെന്റിന്റെ ഏതെങ്കിലും സ്ഥാനത്തേക്ക് നിയമനം ലഭിക്കാൻ യോഗ്യതയുണ്ടെങ്കിൽ അതിന് ബാധകമായിരുന്നോ?

ഉ: ഇല്ല. ഇത്തരം സംവരണം ഈ വിഭാഗത്തിൽപ്പെട്ടവർക്ക് മറ്റ് സമുദായത്തിലുള്ളവരെ പോലെ യോഗ്യതയുടെ പേരിൽ ഗവൺമെന്റിന്റെ ഏതെങ്കിലും സ്ഥാനത്തേക്ക് നിയമനം ലഭിക്കാൻ യോഗ്യതയുണ്ടെങ്കിൽ അതിന് ബാധകമായിരുന്നില്ല.

### *337. ആംഗ്ലോ-ഇന്ത്യൻ സമുദായത്തിന്റെ പ്രയോജനത്തിനു വേണ്ടി വിദ്യാഭ്യാസ സൗകര്യങ്ങൾക്കുള്ള ധനസഹായം.*

ചോ: ഭരണഘടനയുടെ ആവിർഭാവത്തിനു ശേഷം ആദ്യത്തെ 3 വർഷങ്ങളിൽ എന്ത് പരിഗണനയാണ് ഈ വകുപ്പ് വഴി ആംഗ്ലോ ഇന്ത്യൻ സമുദായത്തിന്റെ പ്രയോജനത്തിനു വേണ്ടി വി

**വിദ്യാഭ്യാസ സൗകര്യങ്ങൾക്കുള്ള ധന സഹായം വഴി നടപ്പിലാക്കിയത്?**

ഉ: ആദ്യത്തെ 3വർഷം ഈ ധനസഹായം 1947-ൽ ഈ സമുദായത്തിന് കിട്ടിയതിന് തുല്യമായിരുന്നു.

**ചോ: ഓരോ 3വർഷം കഴിയുന്തോറും ഈ ധനസഹായത്തിൽ എത്ര ശതമാനമാണ് കിഴിവ് വരുത്തുന്നത്?**

ഉ: ഓരോ 3 വർഷം കഴിയുന്തോറും 10% വീതം കുറഞ്ഞു കുറഞ്ഞു വരുന്നു.

**ചോ: എപ്പോഴാണ് ഈ ധനസഹായവും, പ്രത്യേക പരിഗണനയും നിർത്തലാകുന്നത്?**

ഉ: ഓരോ 3 വർഷം കഴിയുന്തോറും 10%വീതം കുറഞ്ഞ് കുറഞ്ഞ് 10-ാം വർഷാവസാനം അതില്ലാതായിത്തീരുന്നു.

**ചോ: ആംഗ്ലോഇന്ത്യൻ സമുദായത്തിൽ വിദ്യാഭ്യാസ സ്ഥാപനത്തിലേക്കായി ധന സഹായം നല്കുന്നതിനു വേണ്ടി ഈ വകുപ്പിനാൽ ലഭ്യമാക്കേണ്ട വ്യവസ്ഥ എന്താണ്?**

ഉ: ആംഗ്ലോ ഇന്ത്യൻ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ മൊത്തം സീറ്റുകളിൽ കുറഞ്ഞത് 40% മറ്റു സമുദായങ്ങളിൽപ്പെട്ടവർക്ക് ലഭ്യമാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

## *338 പട്ടികജാതി, പട്ടിക വർഗ്ഗക്കാർക്ക് വേണ്ടിയുള്ള കമ്മീഷൻ*

**ചോ: ഭരണ ഘടനയുടെ 338-ാം വകുപ്പ് വഴി എന്താണ് ആവിഷ്കരിച്ചത്?**

ഉ: ഈ വകുപ്പുകൾ വഴി പട്ടികജാതി, പട്ടികവർഗ്ഗക്കാർക്ക് വേണ്ടി ഒരു ദേശീയ കമ്മീഷൻ ആവിഷ്കരിച്ചു.

**ചോ: ഈ കമ്മീഷനിൽ എന്തെല്ലാം ഉൾപ്പെടുന്നു?**

ഉ: ഒരു ചെയർ പേഴ്സണും, വൈസ് ചെയർപേഴ്സണും 5 മററ് അംഗങ്ങളും ഉൾപ്പെടുന്നു.

**ചോ: സർവ്വീസ് വ്യവസ്ഥകൾ തീരുമാനിച്ച് നിയമങ്ങൾ ഉണ്ടാക്കുന്നതിനും, അവരുടെ ഔദ്യോഗിക കാലാവധിക്കുള്ള നിയമങ്ങൾ രൂപീകരിക്കുന്നതിനുമുള്ള അധികാരം ആർക്കാണ്?**

ഉ: രാഷ്ട്രപതിക്ക്.

**ചോ: കമ്മീഷന്റെ ചെയർ പേഴ്സനെയും, വൈസ് ചെയർപേഴ്സനെയും മററ് 5 അംഗങ്ങളെയും നിയമിക്കുന്നതിനുള്ളഅധികാരം ആർക്കാണ്?**

ഉ: രാഷ്ട്രപതിക്ക്

**ചോ: ഈ കമ്മീഷന് അതിന്റെ തന്നെ നടപടികൾ നിയന്ത്രിക്കുന്നതിനുള്ള അധികാരമുണ്ടോ?**

ഉ: ഉണ്ട്.

**ചോ: കമ്മീഷന്റെ കടമകൾ എന്തെല്ലാം?**

ഉ: കമ്മീഷന്റെ കടമകൾ;-

a) ഭരണഘടന പ്രകാരം പട്ടികജാതി, പട്ടികവർഗ്ഗക്കാർക്ക് വേണ്ടിയുള്ള സുരക്ഷിതത്വത്തെക്കുറിച്ച് അന്വേഷിക്കാനും, ആ സുരക്ഷിതത്വത്തിന്റെ വളർച്ചയെ വിലയിരുത്തുവാനും.

b) പട്ടികജാതി, പട്ടികവർഗ്ഗത്തിന്റെ അവകാശങ്ങളുടെയും സുരക്ഷിതത്വത്തിന്റെയും അപഹരണത്തെക്കുറിച്ചുള്ള പരാതികളെപ്പററി അന്വേഷിക്കുക.

c) പട്ടികജാതി, പട്ടികവർഗ്ഗത്തിന്റെ സാമ്പത്തിക സാമൂഹിക വളർച്ചയുടെ പദ്ധതിയിൽ ഉപദേശിക്കുകയും.

പങ്കെടുക്കുകയും സംസ്ഥാനവും യൂണിയനും വഴി ഇവരുടെ വികസനത്തിന്റെ പുരോഗതിയെ വിലയിരുത്തുകയും ചെയ്യുക.

d) രാഷ്ട്രപതിയുടെ മുമ്പാകെ, വാർഷികവും, കമ്മീഷനു അത്യാവശ്യമെന്നും തോന്നുന്ന സമയത്തും സുരക്ഷിതത്വ പ്രവർത്തനത്തിന്റെ റിപ്പോർട്ടുകൾ സമർപ്പിക്കുക.

e) പട്ടികജാതി, പട്ടികവർഗ്ഗത്തിന്റെ സാമൂഹിക സാമ്പത്തിക വളർച്ചയ്ക്കും, ക്ഷേമത്തിനും സംരക്ഷണത്തിനും വേണ്ടിയുള്ള സുരക്ഷിതത്വത്തിന്റെ ഫലപ്രദമായ നടത്തിപ്പിനുവേണ്ടി യൂണിയനാലും, സംസ്ഥാനങ്ങളാലും എടുക്കപ്പെട്ട അളവുകോലിനെ പറ്റിയുള്ള റിപ്പോർട്ടിന്റെ പിന്തുണ ഉണ്ടാക്കുക.

f) രാഷ്ട്രപതിയാൽ പ്രതിപാദിക്കുന്ന നിയമങ്ങൾ പട്ടികജാതി, പട്ടിക വർഗ്ഗത്തിന്റെ വളർച്ചയ്ക്കും സംരക്ഷണത്തിനും ക്ഷേമത്തിനും വേണ്ടിയുള്ള ബന്ധത്തിൽ പ്രവർത്തനങ്ങൾ പുറപ്പെടുവിക്കുക.

ചോ: **ദേശീയ കമ്മീഷനിൽ നിന്നും രാഷ്ട്രപതി റിപ്പോർട്ടുകൾ സ്വീകരിക്കുമ്പോൾ എന്താണ് ചെയ്യേണ്ടത്?**

ഉ: റിപ്പോർട്ട് സ്വീകരിക്കുന്ന പക്ഷം അദ്ദേഹം യൂണിയൻ സംബന്ധിക്കുന്ന പിന്തുണയിൽ താൻ എടുക്കാൻ ഉദ്ദേശിക്കുന്നതായ പ്രവർത്തനത്തെയും, എടുത്ത പ്രവർത്തനത്തെയും വിവരിച്ചുകൊണ്ട് ഒരു മെമ്മോറാണ്ടം പാർലമെന്റിലെ ഇരു സഭകളുടെയും മുമ്പാകെ സമർപ്പിക്കുന്നു. സ്വീകരിക്കാത്ത പക്ഷം ആ കാരണങ്ങളും ഇതു പോലെ തന്നെ സമർപ്പിക്കുന്നു.

ചോ: **സംസ്ഥാന ഗവൺമെന്റിനെ പരിഗണിക്കുന്നതായ ഏതെങ്കിലും വസ്തുതകൾ ഉൾപ്പെടുത്തികൊണ്ടുള്ള ഒരു റിപ്പോർട്ട് രാഷ്ട്രപതി സ്വീകരിക്കുകയാണെങ്കിൽ അദ്ദേഹം എന്താണ് ചെയ്യേണ്ടത്?**

ഉ: അങ്ങനെയുള്ളപ്പോൾ അദ്ദേഹം ഒരു കോപ്പി ഗവർണർക്ക്‌ അയച്ചു കൊടുക്കണം. ഗവർണർ ഇത്‌ സംസ്ഥാനത്തെ സംബന്ധിക്കുന്ന പിന്തുണയിൽ താൻ എടുക്കാൻ ഉദ്ദേശിക്കുന്നതായ പ്രവർത്തനത്തെയും എടുത്ത പ്രവർത്തനത്തെയും വിവരിച്ചുകൊണ്ട്‌ ഒരു മെമ്മോറാണ്ഡം സംസ്ഥാനത്തിലെ നിയമനിർമ്മാണ സഭയുടെ മുമ്പാകെ സമർപ്പിക്കുന്നു. സ്വീകരിക്കാത്ത പക്ഷം, ആ കാരണങ്ങളെന്തെന്ന്‌ മെമ്മോ ഇതുപോലെ തന്നെ സമർപ്പിക്കുന്നു.

**ചോ: ഏതെല്ലാം കാര്യങ്ങളിലാണ്‌ യൂണിയനും സംസ്ഥാന ഗവൺമെൻറും കമ്മീഷനോട്‌ ചർച്ച ചെയ്യുന്നത്‌?**

ഉ: പട്ടികജാതി പട്ടികവർഗ്ഗക്കാരെ സംബന്ധിക്കുന്ന മേജറായ നയകാര്യങ്ങൾ കമ്മീഷനോട്‌ ചർച്ച ചെയ്യുന്നു.

## *339. പട്ടിക വർഗ്ഗത്തിന്റെ ക്ഷേമത്തിനും പട്ടിക പ്രദേശത്തിന്റെ ഭരണക്രമത്തിന്മേലും യൂണിയനുള്ള നിയന്ത്രണം*

**ചോ: പട്ടിക വർഗ്ഗത്തിന്റെ ക്ഷേമത്തിനും, പട്ടികപ്രദേശത്തിന്റെ ഭരണക്രമത്തിന്മേലും, റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കമ്മീഷനെ നിയോഗിക്കാൻ രാഷ്ട്രപതിക്ക്‌ അധികാരമുണ്ടോ?**

ഉ: ഉണ്ട്‌. ഭരണഘടനയുടെ ആവിർഭാവം മുതൽ 10 വർഷം വരെ അദ്ദേഹത്തിന്‌ ഏതു സമയത്തും കമ്മീഷനെ നിയമിക്കാവുന്നതാണ്‌.

**ചോ: ആ കല്പനയിൽ പ്രതിപാദിച്ചിരിക്കുന്നതായ കാര്യങ്ങൾ ഏതെല്ലാം?**

ഉ: കമ്മീഷന്റെ നടപടികളും അധികാരങ്ങളും ഘടനയും ഈ കല്പനയിൽ വിവരിച്ചിരിക്കുന്നു. രാഷ്ട്രപതിക്ക്‌

അത്യാവശ്യമാണെന്ന് പരിഗണിക്കപ്പെട്ടതായ മറ്റു നടപടികളും ആ കൽപ്പനയിൽ പ്രതിപാദിച്ചിരിക്കുന്നു.

## *340. പിന്നോക്കം നിൽക്കുന്ന സമുദായക്കാരുടെ സ്ഥിതിഗതികളെപ്പറ്റി അന്വേഷിച്ച് കമ്മീഷനെ നിയമിക്കുക.*

**ചോ: സാമൂഹികപരമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന സമുദായക്കാരുടെ സ്ഥിതിഗതികളെപ്പറ്റി അന്വേഷിച്ച് കമ്മീഷനെ നിയമിക്കാൻ രാഷ്ട്രപതിക്ക് അധികാരമുണ്ടോ?**

ഉ: ഉവ്വ്.

**ചോ: കമ്മീഷനിലെ അംഗങ്ങളായി, രാഷ്ട്രപതി തിരഞ്ഞെടുക്കുന്നത് ആരെയാണ്?**

ഉ: അന്വേഷണത്തിനുവേണ്ടി യുക്തമാണെന്ന് രാഷ്ട്രപതിക്ക് തോന്നുന്നപക്ഷം ഏതൊരു വ്യക്തിയെയും തിരഞ്ഞെടുക്കാവുന്നതാണ്.

**ചോ: കമ്മീഷന്റെ പ്രവർത്തനങ്ങൾ എന്താണ്?**

ഉ: ഭരണഘടനയിലെ ഈ വകുപ്പ് അനുസരിച്ച് പട്ടികജാതിക്കാർ, തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളുടെ ഭരണകാര്യത്തെപ്പറ്റിയും, അവരുടെ പുരോഗതിയെപ്പറ്റിയും, അന്വേഷിച്ച് റിപ്പോർട്ട് ചെയ്യാനും, മററ് സാമൂഹ്യമായും വിദ്യാഭ്യാസപരമായും, പിന്നോക്കം നിൽക്കുന്ന സമുദായക്കാരുടെ സ്ഥിതികളെപ്പറ്റി അന്വേഷിച്ച് യൂണിയൻ ഗവൺമെന്റോ, ഏതെങ്കിലും സംസ്ഥാന ഗവൺമെന്റോ, അവയെ സംബന്ധിക്കുന്ന [illegible] ചെയ്യാൻ ഏത് നടപടി എടുക്കണമെന്ന് ശുപാർശ ചെയ്യുന്നതുമാണ്.

**ചോ: കമ്മീഷനർ പിന്തുടരേണ്ടതായ നടപടികളെക്കുറിച്ച് വിവരിക്കുവാനുള്ള അധികാരം ആർക്കാണ്?**

ഉ: രാഷ്ട്രപതി നിയോഗിച്ച കമ്മീഷനാണ്.

ചോ: രാഷ്ട്രപതിയുടെ മുമ്പാകെ അന്വേഷണ റിപ്പോർട്ട് സമർപ്പിക്കാൻ കമ്മീഷൻ കടപ്പെട്ടിട്ടുണ്ടോ?

ഉ: ഉണ്ട്.

ചോ: കമ്മീഷനിൽ നിന്നും ഒരു റിപ്പോർട്ട് സ്വീകരിക്കുമ്പോൾ രാഷ്ട്രപതി എന്താണ് ചെയ്യേണ്ടത്?

ഉ: അദ്ദേഹം പാർലമെന്റിലെ ഇരുസഭകളിലേയ്ക്കും എടുക്കുന്നതായ പ്രവർത്തനങ്ങളെ വിവരിച്ചുകൊണ്ടുള്ള ഒരു മെമ്മോറാണ്ടത്തോടുകൂടിയ റിപ്പോർട്ടിന്റെ കോപ്പി അദ്ദേഹം സമർപ്പിക്കുന്നു.

## 341. പട്ടികജാതികൾ

ചോ: പട്ടികജാതി, വർഗ്ഗ സമുദായക്കാരെ പട്ടികജാതിക്കാരായി പ്രതിപാദിക്കുന്നതിനുള്ള അധികാരം രാഷ്ട്രപതിക്കുണ്ടോ?

ഉ: ഉണ്ട്. രാഷ്ട്രപതി ഗവർണറുമായി ചർച്ച ചെയ്തതിനുശേഷം പൊതു വിജ്ഞാപനത്തിൽ പ്രഖ്യാപിക്കുകയും ചെയ്ത് ഈ കാര്യങ്ങൾ പ്രതിപാദിക്കുന്നു.

ചോ: ഒരു വിജ്ഞാപനത്തിൽ പ്രതിപാദിച്ചിരിക്കുന്നതുപോലെ ഏതെങ്കിലും ഒരു ജാതി, വർഗ്ഗക്കാര്യങ്ങളിൽ പട്ടികജാതി ലിസ്റ്റിൽ നിന്നും പുറത്താക്കുകയോ ഉൾപ്പെടുത്തുകയോ ചെയ്യാൻ രാഷ്ട്രപതി നിയമങ്ങൾക്ക് സാധ്യമാണോ?

ഉ: ഉണ്ട്.

## 342. പട്ടികവർഗ്ഗക്കാർ

ചോ: ഗിരിവർഗ്ഗക്കാരെയും ഗിരിവർഗ്ഗ സമുദാ

യക്കാരെയും പട്ടികവർഗ്ഗക്കാരായി പ്രതിപാദിക്കുവാനുള്ള അധികാരം രാഷ്ട്രപതിക്കുണ്ടോ?

ഉ: ഉണ്ട്. രാഷ്ട്രപതി, ഗവർണറുമായി ചർച്ച ചെയ്തതിനുശേഷം ഒരു പൊതു വിജ്ഞാപനത്തിൽ പ്രതിപാദിച്ച് ഈ അധികാരം പ്രാവർത്തികമാക്കുന്നു.

ചോ: ഒരു വിജ്ഞാപനത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പോലെ ഏതെങ്കിലും ഒരു ജാതി വർഗ്ഗകാര്യങ്ങളിൽ പട്ടിക വർഗ്ഗ ലിസ്റ്റിൽ നിന്നും പുറത്താക്കുകയോ, ഉൾപ്പെടുത്തുകയോ ചെയ്യാൻ പാർലമെന്റിന് സാധ്യമാണോ?

ഉ: ഉണ്ട്.

## ഭാഗം 17 ഔദ്യോഗിക ഭാഷ

## അദ്ധ്യായം 1: യൂണിയന്റെ ഭാഷ

### 343. യൂണിയന്റെ ഔദ്യോഗിക ഭാഷ:-

ചോ: **യൂണിയന്റെ ഔദ്യോഗിക ഭാഷ എന്തായിരിക്കും?**

ഉ: ദേവനാഗിരി ലിപിയിൽ എഴുതപ്പെടുന്ന ഹിന്ദിയായിരിക്കും യൂണിയന്റെ ഔദ്യോഗിക ഭാഷ.

ചോ: **ഔദ്യോഗിക ലക്ഷ്യത്തിനുവേണ്ടി ഉപയോഗിക്കപ്പെടുന്ന സംഖ്യാപദം എന്താണ്?**

ഉ: ഇന്ത്യൻ സംഖ്യാപദത്തിന്റെ അന്താരാഷ്ട്ര രൂപമാണ് ഔദ്യോഗിക ലക്ഷ്യത്തിനുവേണ്ടി സംഖ്യാപദം ഉപയോഗിക്കുന്നത്.

ചോ: **യൂണിയന്റെ എല്ലാ ഔദ്യോഗിക ലക്ഷ്യത്തി**

വിവരിക്കുവാൻ ആർക്കാണ് അധികാരമുള്ളത്?

ഉ: രാഷ്ട്രപതിക്കാണ്.

**ചോ: കമ്മീഷന്റെ കടമകൾ എന്തെല്ലാമാണ്?**

ഉ: കമ്മീഷന്റെ കടമകൾ:-

a) യൂണിയന്റെ ഔദ്യോഗിക ഉദ്ദേശത്തിനുവേണ്ടി ഹിന്ദി ഭാഷയുടെ പുരോഗതിയാർന്ന ഉപയോഗം

b) ഏതെങ്കിലും അല്ലെങ്കിൽ എല്ലാ യൂണിയന്റെയും ഔദ്യോഗിക ലക്ഷ്യത്തിനുവേണ്ടി ഇംഗ്ലീഷ് ഭാഷയുടെ ഉപയോഗത്തിന്മേലുള്ള നിയന്ത്രണങ്ങൾ.

c) 348-ാം വകുപ്പിൽ പ്രതിപാദിച്ചിരിക്കുന്നതായ ഏതെങ്കിലും ലക്ഷ്യത്തിനായി ഉപയോഗിക്കേണ്ടതായ ഭാഷ

d) ഏതെങ്കിലും ഒന്നോ അതിലധികമോ യൂണിയന്റെ ലക്ഷ്യത്തിനുവേണ്ടി ഉപയോഗിക്കേണ്ടതായ സംഖ്യാ പദങ്ങളിന്റെ രൂപം.

**ചോ: രാഷ്ട്രപതിയുടെ പരിഗണനയുടെ പ്രയാണത്തിൽ കമ്മീഷൻ പരിഗണിക്കേണ്ടതായ കാര്യങ്ങളേതാണ്?**

ഉ: കമ്മീഷൻ ശുപാർശകൾ സമർപ്പിക്കുമ്പോൾ ഭാരതത്തിന്റെ വ്യവസായികവും സാംസ്കാരികവും ശാസ്ത്രീയവുമായ പുരോഗതിക്ക് വേണ്ടത്ര പ്രാധാന്യം നല്കുന്നു. അതുപോലെ പൊതു സർവ്വീസുകളെ സംബന്ധിച്ചിടത്തോളം അഹിന്ദി പ്രദേശങ്ങളിലെ ആളുകളുടെ താല്പര്യങ്ങളെയും അവകാശങ്ങളെയും മാനിക്കണം.

## അദ്ധ്യായം 2, പ്രാദേശിക ഭാഷകൾ

**345. സംസ്ഥാന ഭാഷയും ഔദ്യോഗിക ഭാഷയും.**

**ചോ: സംസ്ഥാനത്തിന്റെ ഔദ്യോഗിക ആവശ്യങ്ങൾക്കുവേണ്ടി സംസ്ഥാനം വഴി ഉപയോഗിക്കേണ്ടതായ ഭാഷ ഏതാണ്?**

ഉ: ഓരോ സംസ്ഥാനത്തിന്റെയും എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കുമോ ചില ആവശ്യങ്ങൾക്ക് മാത്രമായോ ഒരു ഭാഷ അഥവാ ഒന്നിലധികം ഭാഷകൾ ഉപയോഗിക്കുന്നതു സംബന്ധിച്ച്, ഹിന്ദിയോ, അല്ലെങ്കിൽ അതതു സംസ്ഥാനത്തിലെ നിയമസഭയ്ക്ക് ഭരണഘടനയുടെ 345-ാം വകുപ്പ് അധികാരം നൽകിയിട്ടുണ്ട്.

**ചോ: ഭരണഘടനയുടെ പെട്ടെന്നുള്ള ആവിർഭാവത്തിനുമുമ്പ് സംസ്ഥാനത്തിലെ ഔദ്യോഗിക ലക്ഷ്യത്തിനു വേണ്ടി എത്രകാലം ഇംഗ്ലീഷ് ഭാഷ പിൻതുടർന്നു?**

ഉ: സംസ്ഥാന നിയമനിർമ്മാണ സഭയുടെ നിയമനിർമ്മാണം വരെ ഈ ഭാഷ പിൻതുടർന്നു വന്നു.

***346. ഒരു സംസ്ഥാനവും മറ്റൊരു സംസ്ഥാനവും തമ്മിലുള്ള അല്ലെങ്കിൽ സംസ്ഥാനവും യൂണിയനും തമ്മിലുള്ള ബന്ധത്തിന് അഥവാ സമ്പർക്കത്തിന് വേണ്ടിയുള്ള ഔദ്യോഗിക ഭാഷ.***

**ചോ: ഇതിനുള്ള ഔദ്യോഗിക ഭാഷ ഏതാണ്?**

ഉ: അതാതു കാലങ്ങളിൽ ആധികാരികമാക്കപ്പെട്ട ഭാഷയാണ് ഇതിനു വേണ്ടിയുള്ളത്.

**ചോ: സംസ്ഥാനങ്ങൾ തമ്മിലുള്ള ബന്ധത്തിനു**